VOL NO: 04 | ISSUE 03
www.nerpatham.com
mail@nerpatham.com


2020 JANUARY 18 | ₹12

# നേർപഥം

വാരിക

## പ്രതിഷേധങ്ങളിൽ ത്രിവർണമണിഞ്ഞ് രാജ്യം

ഭിന്നതയുടെ വിഷവിത്ത് പാകാൻ ഫാസിസ്റ്റുകൾ ഒരുക്കിയ നിയമങ്ങൾ രാജ്യത്തെ ഒന്നിപ്പിക്കുന്ന മനോഹരമായ കാഴ്ചയാണ് സമ്മാനിക്കുന്നത്. കപട ദേശീയതയും ദേശസ്നേഹവും നിഷ്പ്രഭമാവുന്ന കാഴ്ച. ത്രിവർണ പതാകയ്ക്ക് കീഴിൽ അണിനിരന്ന് യഥാർഥ ദേശീയതയുടെ വക്താക്കൾ നാടും നഗരവും കീഴടക്കുകയാണ്. സ്വതന്ത്ര ഇന്ത്യ ഇത്രയധികം ദേശീയ പതാകകൾ ഒന്നിച്ച് കണ്ടിട്ടില്ല. ഭരണഘടനയും രാഷ്ട്രശിൽപികളുടെ ചിത്രങ്ങളും ആസാദി മുദ്രാവാക്യങ്ങളും കേവലം നിയമഭേദഗതികൾക്കെതിരെയുള്ള പ്രതിഷേധം മാത്രമല്ല. മറിച്ച്, രാജ്യ നൈതികക്കെതിരു നിൽക്കുന്ന ഫാസിസത്തിന്റെ അടിവേരറുക്കുന്ന പോരാട്ടം കൂടിയാണ്.




**പരിധിവിടുന്ന പ്രവാചക പ്രശംസകൾ**

**സാക്ഷ്യവാക്യങ്ങളുടെ അർഥവ്യാപ്തി**

**വിദ്യാർഥി പ്രതിഷേധങ്ങളെ അടിച്ചമർത്താനാവില്ല**

## ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ

അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവും പരലോകത്തെ കുറിച്ച് ദൃഢബോധ്യവുമുള്ള ഏതൊരു വിശ്വാസിക്കും ഉത്തമ സ്വഭാവത്തിനുടമയാകാനേ കഴിയൂ. കാരണം ഇസ്‌ലാം മുന്നോട്ടു വെക്കുന്ന മഹിതദർശനം സമഷ്ടി സ്നേഹത്തിലധിഷ്ഠിതവും മാനവികത ഉയർത്തിപ്പിടിക്കുന്നതുമാണ്.

WISDOM BOOKS
**PUBLISHING || DISTRIBUTION**
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |

നേർപഥം
വാരിക

0156 / 2020 ജനുവരി 18 / 1441 ജുമാദൽ അവ്വൽ 23
പുസ്തകം 04 / ലക്കം 03



# പ്രതിഷേധങ്ങളിൽ ത്രിവർണമണിഞ്ഞ് രാജ്യം

നബീൽ പയ്യോളി / 10

**മുഖമൊഴി**

ആയുസ്സിന്റെ പുസ്തകം / 05
എഡിറ്റർ

**വിമർശനം**

പരിധിവിടുന്ന പ്രവാചക പ്രശംസകൾ / 06
മൂസ സ്വലാഹി, കാര

**ലേഖനം**

മാമൂലുകൾ തീർക്കുന്ന മാറാപ്പുകൾ / 18
നാഷിദ് കല്ലമ്പാറ

വിദ്യാർഥി പ്രതിഷേധങ്ങളെ അടിച്ചമർത്താനാവില്ല / 20
അർഷദ് താനൂർ

സാക്ഷ്യവാക്യങ്ങളുടെ അർഥവ്യാപ്തി / 22
ശമീർ മദീനി

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ / 26
അബ്ദുൽ ജബ്ബാർ മദീനി

**ക്വുർആൻ പാഠം**

മനുഷ്യൻ മൃഗമാകുമ്പോൾ / 16
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**കാഴ്ച**

ആംബുലൻസിന്റെ നിലയ്ക്കാത്ത നിലവിളി / 21
ഇബ്നു അലി എടത്തനാട്ടുകര

**ക്വുർആൻ ദർശനം**

ഖലം (പേന), ഭാഗം: 5 / 31
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ഗാനം**

പൗരത്വം അവകാശമാണ് / 34
ഉസ്മാൻ പാലക്കാഴി

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

ഭാവി തലമുറ ഫാസിസ്റ്റ് ശക്തികളെ തുടച്ചു നീക്കും: പി കെ കുഞ്ഞാലിക്കുട്ടി

# വിസ്ഡം സ്റ്റുഡൻസ് സംസ്ഥാന പ്രതിനിധി സമ്മേളനം സമാപിച്ചു

**മലപ്പുറം:** വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡൻസ് ഓർഗനൈസേഷൻ സംസ്ഥാന സമിതി മിനി ഊട്ടിയിൽ സംഘടിപ്പിച്ച സംസ്ഥാന പ്രതിനിധി സമ്മേളനത്തിന് ഉജ്ജ്വല സമാപനം.

രാജ്യത്തെ പൗരൻമാരെ നിഷ്‌കരുണം അടിച്ചമർത്തുന്ന ഭരണാധികാരികൾ ഇന്ത്യക്ക് അപമാനമാണെന്ന് ഓർഗനൈസേഷൻ സംസ്ഥാന കൗൺസിൽ അഭിപ്രായപ്പെട്ടു. മാതൃകാ സമരങ്ങൾക്ക് നേതൃത്വം നൽകുന്നവരെ അകാരണമായി തടങ്കലിൽ അടക്കുന്നത് ലജ്ജാകരമാണ്. പൗരത്വ ബില്ലിനെതിരെ കേരളത്തിന്റെ ഒന്നിച്ചുള്ള നീക്കങ്ങൾ അഭിനന്ദനാർഹമാണെന്നും കൗൺസിൽ പ്രമേയം വ്യക്തമാക്കി. കൗൺസിൽ പി.കെ കുഞ്ഞാലിക്കുട്ടി എം.പി ഉദ്ഘാടനം നിർവഹിച്ചു.

സമാപന സമ്മേളനം വിസ്ഡം ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി കെ.പി. മുഹമ്മദ് ഷമീൽ അധ്യക്ഷത വഹിച്ചു. ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ ഡയറക്ടർ ഫൈസൽ മൗലവി, ഹാരിസ് ഇബ്നു സലീം, പി.എൻ. അബ്ദുറഹ്മാൻ, എ.പി. മുനവ്വർ സ്വലാഹി, കെ. നൂറുദ്ദീൻ സ്വലാഹി എന്നിവർ പഠന സെഷനുകൾക്ക് നേതൃത്വം നൽകി.

2020-23 വർഷത്തെ സംസ്ഥാന ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു: അർഷദ് താനൂർ അൽഹികമി (പ്രസിഡന്റ്), കെ.പി. മുഹമ്മദ് ഷമീൽ (ജനറൽ സെക്രട്ടറി), മുനവ്വർ കൊട്ടക്കൽ (ട്രഷറർ), സി.വി. അസ്വീൽ, സി. മുഹമ്മദ് അജ്മൽ, കെ. ജാബിർ കാരക്കുന്നത്ത് (വൈസ് പ്രസിഡന്റുമാർ), മുഹമ്മദ് ഷമീൽ, ത്വാഹ റഷാദ്, ശബീബ് മഞ്ചേരി, അബ്ദുൽ അഹദ്, ഷഹബാസ് കെ.അബ്ബാസ് (സെക്രട്ടറിമാർ).

2020 മാർച്ച് 13,14,15 തീയതികളിൽ കൊല്ലത്ത് വെച്ചു നടക്കുന്ന ആഗോള പ്രൊഫഷണൽ വിദ്യാർഥി സമ്മേളനത്തിന്റെ മുന്നോടിയായി ജില്ല, മേഖല തലങ്ങളിൽ പ്രചാരണ പ്രവർത്തനങ്ങൾക്ക് അന്തിമ രൂപം നൽകി.

## ചുട്ടെടുക്കുന്നത് പെരുംനുണകൾ

പൗരത്വ നിയമം പാർലിമെന്റിൽ അവതരിപ്പിക്കുന്നതിനു മുൻപ് അർണബ് ഗോസാമി നടത്തിയ സംവാദം ചിലരെയെങ്കിലും അത്ഭുതപ്പെടുത്തിയിരുന്നു. നാളിതുവരെ സംഘ്പരിവാർ രാഷ്ട്രീയത്തെ മാത്രം പിന്തുണച്ചിരുന്ന, അതിനുവേണ്ടി ഏതു കളവുകളെയും സത്യമാക്കിയിരുന്ന ഒരു മാധ്യമപ്രവർത്തകൻ, ഒരു സുപ്രഭാതത്തിൽ പൗരത്വനിയമം ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ചതാണ് ആ അമ്പരപ്പിന് കാരണം. ഇന്നിതാ ഒരു രാജ്യം മുഴുവൻ ഒരുമിച്ചിരിക്കുമ്പോഴും ഈ അനീതിക്കെതിരെ ശബ്ദമുയർത്തുന്നവരെ മുഴുവൻ തീവ്രവാദികളാക്കാൻ, വിദ്യാർഥി പ്രക്ഷോഭങ്ങളെ തച്ചുടക്കാൻ വീണ്ടും പെരുംനുണകളുമായി അദ്ദേഹം കളത്തിൽ സജീവമായിരിക്കുകയാണ്.

ഗീബൽസിയൻ തന്ത്രങ്ങൾ ഫാഷിസത്തിന്റെ ഇന്ധനമാണ്. ആ ആലയിലെ ചുവപ്പ് കണ്ട് അത്ഭുതപ്പെടരുത്. ചുട്ടെടുക്കുന്നത് ഒരു സമൂഹത്തെ തന്നെ അപരവൽക്കരിക്കാനുള്ള പെരുംനുണകളാണ്..!

**-അബൂ മർയം**

# ആയുസ്സിന്റെ പുസ്തകം

> ‘നിമിഷങ്ങൾക്കുള്ളിലീ ജീവിതമാകുന്ന ഹിമബിന്ദുമായും അതിനു മുമ്പെ പതറാതെ, പാതിയിൽ നിർത്താതെ, തളരാതെ പറയുക പറയുവാനുള്ളതെല്ലാം’

**ജാ**പ്പനീസ് കവിയായ ഇസായുടെ ഭാര്യയും കുട്ടികളും മരണപ്പെട്ടപ്പോൾ അദ്ദേഹം അതീവ ദുഃഖിതനായി. എന്തുകൊണ്ടാണ് ജീവിതം ഇത്രമാത്രം ദുഃഖപൂർണമാകുന്നത് എന്ന ചിന്ത അദ്ദേഹത്തെ അസ്വസ്ഥമാക്കിക്കൊണ്ടിരുന്നു. അദ്ദേഹം ഗുരുവിനെ സന്ദർശിച്ച് ചോദിച്ചു:

“എന്തുകൊണ്ടാണ് ജീവിതം ഇത്രമാത്രം ദുഃഖകരമായിത്തീരുന്നത്?”

ഗുരു പറഞ്ഞു: ‘ജീവിതം ദുഃഖകരമാണെന്നത് വാസ്തവമാണ്. എന്നാൽ ജീവിതം ഒരു മഞ്ഞിൻതുള്ളി പോലെയാണെന്നത് അതിലേറെ വാസ്തവമാണ്. മഞ്ഞിൻതുള്ളി ഏത് നിമിഷവും അപ്രത്യക്ഷമാകാം. നിങ്ങളുടെ ഭാര്യയും മക്കളും അപ്രത്യക്ഷമായതു പോലെ നിങ്ങളും ഏത് നിമിഷവും അപ്രത്യക്ഷമാകാം. അതുകൊണ്ട് അനാവശ്യ കാര്യങ്ങളെ ഓർത്ത് സമയം കളയാതിരിക്കുക.”

ഇലയിൽ പറ്റിപ്പിടിച്ചിരിക്കുന്ന മഞ്ഞുതുള്ളി പോലെ ഏത് നിമിഷവും ഇല്ലാതെയാകുന്ന ഒന്നാണ് ജീവിതം എന്ന് ആത്മാർഥമായി മനസ്സിലാക്കുന്നവനെ ഒന്നും അലട്ടുകയില്ല. മാത്രമല്ല കഴിയുന്നത്ര നന്മകൾ ചെയ്തുകൊണ്ട് ജീവിക്കാനും അവന് സാധ്യമാകും.

പൗരത്വ ഭേദഗതി ബില്ലിന്റെ പേരിൽ പ്രതിഷേധ സമരങ്ങൾ കൊടുമ്പിരി കൊള്ളുമ്പോഴും തങ്ങൾ പൗരന്മാരല്ലാതായി മാറുമോ, തങ്ങൾ പുറത്താക്കപ്പെടുമോ, തടവിലാക്കപ്പെടുമോ എന്നൊക്കെയുള്ള ഭയം ആളുകൾക്കിടയിൽ നിലനിൽക്കുന്നുണ്ട്.

ഭൗതികമായി ചെയ്യാനാകുന്നതെല്ലാം ചെയ്യുക; സ്രഷ്ടാവിൽ ഭരമേൽപിക്കുക എന്നതാണ് ഏത് വിഷയത്തിലും ഒരു സത്യവിശ്വാസി സ്വീകരിക്കേണ്ട നിലപാട്. അല്ലാഹുവിന്റെ വിധിപോലെ എല്ലാം നടക്കും. എന്നാൽ വിധിയെ പഴിച്ച് വരുന്നത് വരട്ടെ എന്നു പറഞ്ഞ് ഒന്നും ചെയ്യാതിരിക്കുന്നത് സത്യവിശ്വാസിയുടെ നിലപാടല്ല.

എതിർക്കേണ്ടതിനെ എതിർക്കാനും അനുകൂലിക്കേണ്ടതിനെ അനുകൂലിക്കാനുമുള്ള ആർജവം കാണിക്കണം. ‘സത്യം പറയുക, അനന്തരഫലം കയ്പുള്ളതാണെങ്കിലും’ എന്ന പ്രവാചക വചനം സത്യവിശ്വാസി ധീരനായിരിക്കണം എന്ന് സൂചിപ്പിക്കുന്നു.

രാജാവ് നഗ്നനാണെന്ന് കണ്ടാൽ ‘രാജാവ് നഗ്നനാണ്’ എന്ന് വിളിച്ചു പറയുവാൻ അറച്ചു നിൽക്കുന്നവനല്ല വിശ്വാസി. അക്രമിയായ രാജാവിന്റെ മുഖത്തു നോക്കി സത്യം ഉറക്കെ പ്രഖ്യാപിച്ച പാരമ്പര്യമുള്ളവരാണ് മുസ്‌ലിംകൾ. ഞാനാണ് നിങ്ങളുടെ അത്യുന്നതായ ദൈവം എന്ന് പ്രഖ്യാപിച്ച അതിക്രൂരനായ ഫിർഔനിന്റെ മുമ്പിൽ പതറാതെ സത്യം വിളിച്ചു പറഞ്ഞ മൂസാനബി(عليه السلام)യും നംറൂദ് രാജാവിനെ ഭയപ്പെടാതെ നേരിട്ട ഇബ്‌റാഹീം നബിയും കാണിച്ച മാർഗം നമ്മുടെ മുമ്പിലുണ്ട്.

ജനിച്ചാൽ മരണം ഉറപ്പാണ്. ജീവിത യാത്രയിൽ സന്തോഷം മാത്രം പ്രതീക്ഷിക്കുന്നവന്റെ ജീവിതം എന്നും ദുഃഖമയമായിരിക്കും. പരീക്ഷണങ്ങളെ ക്ഷമയോടെ നേരിടാൻ സാധിക്കണം. അനാവശ്യ ചിന്തകൾ സങ്കടവും കർമവിമുഖതയും മാത്രമെ സമ്മാനിക്കൂ. വിശ്വാസം മുറുകെ പിടിക്കുക. സൽകർമങ്ങൾ ചെയ്യുക. ആരെയും അന്യായമായി ദ്രോഹിക്കാതിരിക്കുക. അത്തരക്കാർക്ക് ഏത് നിമിഷം മരണം വന്നെത്തിയാലും പേടിക്കേണ്ടിവരില്ല. ശാശ്വത സമാധാനത്തിന്റെയും നിർഭയത്വത്തിന്റെയും തീരത്തേക്കാണ് അവരുടെ യാത്ര.

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം

അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ: 10



# പരിധിവിടുന്ന പ്രവാചക പ്രശംസകൾ

അല്ലാഹുവിലും നബിﷺയിലുമുള്ള വിശ്വാസവും അനുസരണവും സത്യസന്ധമാകുമ്പോഴാണ് ഒരാൾ യഥാർഥ വിശ്വാസിയാവുക. പ്രമാണങ്ങൾ നബിﷺക്ക് ഉള്ളതായി പഠിപ്പിച്ച വിശേഷണങ്ങളെ അംഗീകരിക്കൽ ഇതിന്റെ ഭാഗമാണ്. ഈ കാര്യങ്ങളിലുള്ള മതനിലപാട് ഉൾക്കൊണ്ടവർക്കാണ് പരലോക വിജയവും പരലോകത്ത് മഹാന്മാരോടുള്ള സഹവാസവും സാധ്യമാവുക.

അല്ലാഹു പറയുന്നു: "ആര് അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകന്മാർ, സത്യസന്ധന്മാർ, രക്തസാക്ഷികൾ, സച്ചരിതന്മാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!" (ക്വുർആൻ 4:69).

നബിﷺക്ക് ഏറെ വിശേഷണങ്ങളും വ്യത്യസ്തങ്ങളായ നാമങ്ങളുമുണ്ട്. അഹ്മദ്, മുഹമ്മദ്, മാഹി, ഹാശിർ, ആകിബ്, നബിയ്യുത്തൗബ, നബിയ്യുർറഹ്മ എന്നിവ നാമങ്ങളിൽ ചിലതാണ്. വിശേഷണങ്ങളിൽ പ്രധാനപ്പെട്ടവയെ സംബന്ധിച്ച് ക്വുർആൻ പറയുന്നു:

"നബിയേ, തീർച്ചയായും നിന്നെ നാം ഒരു സാക്ഷിയും സന്തോഷവാർത്ത അറിയിക്കുന്നവനും താക്കീതുകാരനും ആയിക്കൊണ്ട് നിയോഗിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അവങ്കലേക്ക് ക്ഷണിക്കുന്നവനും പ്രകാശം നൽകുന്ന ഒരു വിളക്കും ആയിക്കൊണ്ട്" (ക്വുർആൻ 33:45,46).

"തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽനിന്ന് തന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവനും നിങ്ങളുടെ കാര്യത്തിൽ അതീവ താൽപര്യമുള്ളവനും സത്യവിശ്വാസികളോട് അത്യന്തം ദയാലുവും കാരുണ്യവാനുമാണ് അദ്ദേഹം" (ക്വുർആൻ 9:128).

പ്രമാണങ്ങൾ നബിﷺക്ക് ഉള്ളതായി പറഞ്ഞ നാമങ്ങൾക്കും വിശേഷണങ്ങൾക്കും അനുയോജ്യമല്ലാത്ത അർഥവും വ്യാഖ്യാനവും നൽകുന്നത് അദ്ദേഹത്തെ പരിഹസിക്കലും അപമാനിക്കലും അല്ലാഹുവിന്റെ നിയമാതിർത്തികളെ ലംഘിക്കലുമാണ്. അത് ഇസ്‌ലാം വിലക്കിയതുമാണ്. അല്ലാഹു പറയുന്നു:

"പറയുക: വേദക്കാരേ, സത്യത്തിനെതിരായിക്കൊണ്ട് നിങ്ങളുടെ മതകാര്യത്തിൽ നിങ്ങൾ അതിരുകവിയരുത്. മുമ്പേ പിഴച്ച് പോകുകയും ധാരാളം പേരെ വഴിപിഴപ്പിക്കുകയും നേർമാർഗത്തിൽ നിന്ന് തെറ്റിപ്പോകുകയും ചെയ്ത ഒരു ജനവിഭാഗത്തിന്റെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻപറ്റുകയും ചെയ്യരുത്" (ക്വുർആൻ 5:77).

ഇബ്നുഅബ്ബാസിؓൽ നിന്ന്; നബിﷺ പറഞ്ഞു: "നിങ്ങൾ മതത്തിൽ അതിരുകവിയുന്നത് സൂക്ഷിക്കണം. മതത്തിൽ അതിരുവിട്ടത് മൂലമാണ് നിങ്ങൾക്ക് മുമ്പുള്ളവർ നശിച്ചത്" (ഇബ്നുമാജ).

മുസ്‌ലിം സമൂഹത്തെ ശിർക്കിലേക്ക് നയിക്കുന്നതിൽ മുന്നിൽ നിൽക്കുന്ന ശിയായിസ പ്രചാരകരായ സമസ്തക്കാർ നബിﷺയെ അമിതമായി പ്രശംസിക്കുവാൻ മത്സരിക്കുന്നവരാണ്. സ്നേഹം, ആദരവ്, ബഹുമാനം എന്നിങ്ങനെയുള്ള പരിധി വെക്കപ്പെട്ട ചില ഗുണങ്ങളുടെ മറപിടിച്ചാണ് ശിർക്ക് കലർന്ന പ്രശംസ വരെ ചെയ്യാൻ ഇവർ മുതിരുന്നത്.

ഒരു മുസ്‌ലിയാർ എഴുതിയത് കാണുക: "വിങ്ങുന്ന മനസ്സുമായി നബിസാന്നിധ്യത്തിന് കേഴുകയാണ് കവി. എന്റെ നേതാവേ, എന്റെ അഭയമേ, അന്ത്യനാളിൽ അങ്ങയുടെ മഹത്വം കൊണ്ട് എന്നെ പരിഗണിക്കേണമേ. സംഭവിച്ചുപോയ തെറ്റുകൾക്ക് മാപ്പ് ലഭിക്കാൻ അങ്ങ് ഇടപെടേണമേ. എന്റെ ദുഃഖം തീർത്തുതരേണമേ. എന്റെ അപേക്ഷ അങ്ങ് കേൾക്കേണമേ... കവിയുടെ സങ്കട സമർപ്പണങ്ങൾ നീളുകയാണ്" (സുന്നിവോയ്സ്, 2019 നവംബർ 16-30, പേജ് 9).

ഇത്തരം പ്രശംസാരീതികളെ നബിﷺ നഖശിഖാന്തം എതിർത്തിട്ടുണ്ട്. ഉമറുബ്നുൽ ഖത്ത്വാബിؓൽ നിന്ന്; നബിﷺ പറഞ്ഞു: "ക്രിസ്ത്യാനികൾ മർയമിന്റെ മകനെ പുകഴ്ത്തിയത് പോലെ നിങ്ങൾ എന്നെ പുകഴ്ത്തരുത്. നിശ്ചയം ഞാൻ ഒരടിമയാണ്. അതിനാൽ അല്ലാഹുവിന്റെ അടിമ എന്നും അവന്റെ ദൂതൻ എന്നും നിങ്ങൾ പറയുക" (ബുഖാരി, മുസ്‌ലിം).

വിവാഹ സദസ്സിലേക്ക് വന്ന നബിﷺയെ കണ്ടപ്പോൾ നാളെയുടെ കാര്യമറിയുന്ന നബി ഞങ്ങളിലുണ്ടെന്ന് പാടിയ പെൺകുട്ടിയെ അവിടുന്ന് തിരുത്തിയതും(ബുഖാരി), ഒരാൾ അങ്ങേയറ്റം പ്രശംസിക്കപ്പെടുന്നത് നബിﷺ കേട്ടപ്പോൾ അതിനെ കർശനമായി തടഞ്ഞതും (ബുഖാരി), അധികപ്രശംസകരുടെ വായയിൽ മണ്ണ് വാരിയിടാൻ കൽപിച്ചതു(മുസ്‌ലിം)മെല്ലാം അമിത പ്രശംസയുടെ അപകടത്തെ ബോധ്യപ്പെടുത്തുന്നു.

സൃഷ്ടികൾക്ക് ഏറ്റവും നല്ല അഭയവും രക്ഷയും നൽകുവാൻ കഴിവുള്ളവൻ അല്ലാഹു മാത്രമാണ്. അല്ലാഹു പറയുന്നു: "നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവന്റെ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരായി (എവിടെ നിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ)" (ക്വുർആൻ 23:88).



നബിﷺയോട് പ്രഖ്യാപിക്കുവാൻ അല്ലാഹു പറയുന്നു: "പറയുക: അല്ലാഹുവി(ന്റെ ശിക്ഷയി)ൽ നിന്ന് ഒരാളും എനിക്ക് അഭയം നൽകുകയേ ഇല്ല; തീർച്ചയായും അവന്നു പുറമെ ഒരു അഭയസ്ഥാനവും ഞാൻ ഒരിക്കലും കണ്ടെത്തുകയുമില്ല" (ക്വുർആൻ 72:22).

നബിﷺ നടത്തിയിരുന്ന ഒരു പ്രാർഥന കാണുക: ബറാഅ് ഇബ്നു ആസിബിؓവിൽ നിന്ന്; നബിﷺ പറഞ്ഞു: "അല്ലാഹുവേ, എന്നെ ഞാൻ നിന്നിൽ കീഴ്പെടുത്തിവെക്കുകയും എന്റെ കാര്യങ്ങൾ ഞാൻ നിന്നിൽ ഏൽപിക്കുകയും എന്റെ മുഖം ഞാൻ നിന്നിലേക്ക് തിരിക്കുകയും എന്റെ മുതുകിനെ ഞാൻ നിന്നിൽ അർപ്പിക്കുകയും ചെയ്തിരിക്കുന്നു. നിന്നിൽ നിന്നുള്ള(പ്രതിഫലം) പ്രതീക്ഷിച്ച് കൊണ്ടും നിന്റെ(ശിക്ഷ) ഭയന്നുകൊണ്ടുമാകുന്നു അത്. നിന്റെ മാർഗത്തിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയല്ലാതെ യാതൊരു രക്ഷയോ അഭയമോ ഇല്ല തന്നെ..."(ബുഖാരി).

അന്ത്യനാളിൽ അല്ലാഹുവിൽനിന്നല്ലാതെ മറ്റൊരാളിൽ നിന്നും പരിഗണനയും ശുപാർശയും ആർക്കും ലഭിക്കുകയില്ല. അല്ലാഹു പറയുന്നു: "ആസന്നമായ ആ സംഭവത്തിന്റെ ദിവസത്തെപ്പറ്റി നീ അവർക്ക് മുന്നറിയിപ്പു നൽകുക. അതായത് ഹൃദയങ്ങൾ തൊണ്ടക്കുഴികളുടെ അടുത്തെത്തുന്ന, അവർ ശ്വാസമടക്കിപ്പിടിച്ചവരായിരിക്കുന്ന സന്ദർഭം. അക്രമകാരികൾക്ക് ഉറ്റബന്ധുവായോ സ്വീകാര്യനായ ശുപാർശകനായോ ആരും തന്നെയില്ല" (ക്വുർആൻ 40:18).

"എന്നാൽ വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തത് ആരോ അവരുടെതായ പ്രതിഫലം അവർക്കവൻ നിറവേറ്റിക്കൊടുക്കുകയും അവന്റെ അനുഗ്രഹത്തിൽ നിന്ന് കൂടുതലായി അവർക്ക് നൽകുകയും ചെയ്യുന്നതാണ്. എന്നാൽ, വൈമനസ്യം കാണിക്കുകയും അഹങ്കരിക്കുകയും ചെയ്തവരാരോ അവർക്കവൻ വേദനയേറിയ ശിക്ഷ നൽകുന്നതാണ്. അല്ലാഹുവെ കൂടാതെ തങ്ങൾക്ക് ഒരു ഉറ്റമിത്രത്തെയോ സഹായിയെയോ അവർ കണ്ടെത്തുകയുമില്ല" (ക്വുർആൻ 4:173).

**"മുസ്‌ലിം സമൂഹത്തെ ശിർക്കിലേക്ക് നയിക്കുന്നതിൽ മുന്നിൽ നിൽക്കുന്ന ശിയായിസ പ്രചാരകരായ സമസ്തക്കാർ നബിﷺയെ അമിതമായി പ്രശംസിക്കുവാൻ മത്സരിക്കുന്നവരാണ്. സ്നേഹം, ആദരവ്, ബഹുമാനം എന്നിങ്ങനെയുള്ള പരിധി വെക്കപ്പെട്ട ചില ഗുണങ്ങളുടെ മറപിടിച്ചാണ് ശിർക്ക് കലർന്ന പ്രശംസ വരെ ചെയ്യാൻ ഇവർ മുതിരുന്നത്. വിവാഹ സദസ്സിലേക്ക് വന്ന നബിﷺയെ കണ്ടപ്പോൾ നാളെയുടെ കാര്യമറിയുന്ന നബി ഞങ്ങളിലുണ്ടെന്ന് പാടിയ പെൺകുട്ടിയെ അവിടുന്ന് തിരുത്തിയതും ഒരാൾ അങ്ങേയറ്റം പ്രശംസിക്കപ്പെടുന്നത് നബിﷺ കേട്ടപ്പോൾ അതിനെ കർശനമായി തടഞ്ഞതും അധിക പ്രശംസകരുടെ വായയിൽ മണ്ണ് വാരിയിടാൻ കൽപിച്ചതുമെല്ലാം അമിതപ്രശംസയുടെ അപകടത്തെ ബോധ്യപ്പെടുത്തുന്നു.**



ഇസ്‌ലാമിന്റെ അധ്യാപനം ഇതായിരിക്കെ സാധാരണക്കാരെ ഇതിൽ നിന്ന് തെറ്റിക്കുന്നതെന്തിനാണ്? അല്ലാഹുവിന്റെ കഴിവ് പ്രവാചകനിൽ ചാർത്തുന്നതിന്റെ ലക്ഷ്യമെന്താണ്?

പാപങ്ങൾ പൊറുത്ത് മാപ്പ് നൽകുന്നവൻ അല്ലാഹുവാണ്. അതിന് മധ്യവർത്തികളുടെ ആവശ്യമുദിക്കുന്നില്ല. അല്ലാഹു പറയുന്നു: "പറയുക: സ്വന്തം ആത്മാക്കളോട് അതിക്രമം പ്രവർത്തിച്ച് പോയ എന്റെ ദാസൻമാരേ, അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി നിങ്ങൾ നിരാശപ്പെടരുത്. തീർച്ചയായും അല്ലാഹു പാപങ്ങളെല്ലാം പൊറുക്കുന്നതാണ്. തീർച്ചയായും അവൻ തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും" (ക്വുർആൻ 39:53).

എല്ലാം പൊറുക്കുന്ന 'അൽ ഗഫൂറും' ഏറെ പൊറുക്കുന്ന 'അൽ ഗഫ്ഫാറും' പാപങ്ങൾ പൊറുക്കുന്ന 'ഗാഫിറും' പശ്ചാത്താപം ഏറെ സ്വീകരിക്കുന്ന 'അത്തവ്വാബും' അല്ലാഹു മാത്രമായിരിക്കെ നബിﷺയെ ഇതിൽ പങ്കുചേർക്കൽ ശിർക്കല്ലാതെ മറ്റെന്താണ്? പാപമുക്തനായ നബിﷺ തന്നെയും ദിനേന നൂറു തവണ നേരിട്ട് അല്ലാഹുവിനോട് പാപമോചനം തേടാറുമുണ്ടായിരുന്നു എന്നത് ഓർക്കുക.

ഏത് സന്ദർഭങ്ങളിലും അടിമകളെ കേട്ട് ഉത്തരമേകാനും ശരിയായ പരിഹാരം നൽകാനും കഴിയുക അല്ലാഹുവിന് മാത്രമാണ്.

അല്ലാഹു പറയുന്നു: "അഥവാ, കഷ്ടപ്പെട്ടവൻ വിളിച്ചു പ്രാർഥിച്ചാൽ അവന്നു ഉത്തരം നൽകുകയും വിഷമം നീക്കിക്കൊടുക്കുകയും നിങ്ങളെ ഭൂമിയിൽ പ്രതിനിധികളാക്കുകയും ചെയ്യുന്നവനോ (അതല്ല, അവരുടെ ദൈവങ്ങളോ?) അല്ലാഹുവോടൊപ്പം വേറെ വല്ല ദൈവവുമുണ്ടോ? കുറച്ച് മാത്രമെ നിങ്ങൾ ആലോചിച്ച് മനസ്സിലാക്കുന്നുള്ളൂ" (27:62).

"നിങ്ങളിൽ അനുഗ്രഹമായി എന്തുണ്ടെങ്കിലും അത് അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു. എന്നിട്ട് നിങ്ങൾക്കൊരു കഷ്ടത ബാധിച്ചാൽ അവങ്കലേക്ക് തന്നെയാണ് നിങ്ങൾ മുറവിളികൂട്ടിച്ചെല്ലുന്നത്" (16:53).

സങ്കടവും സന്താപവും ഉണ്ടാകുന്ന സമയങ്ങളിൽ നബിﷺ പോലും നടത്തിയ പ്രാർഥന ഇങ്ങനെയാണ്; അനസ്ബ്നു മാലിക്(റ)വിൽ നിന്ന്: "അല്ലാഹുവേ എന്റെ ദുഃഖം, വിഷാദം, ദുർബലത, അലസത, പിശുക്ക്, ഭീരുത്വം, കടഭാരം, ആളുകൾ എന്നെ കീഴ്പെടുത്തൽ എന്നിവയിൽ നിന്നെല്ലാം ഞാൻ നിന്നോട് രക്ഷ തേടുന്നു" (ബുഖാരി).

മുസ്‌ലിയാർ എഴുതുന്നു: "വിശ്വാസത്തിന്റെ അടിത്തറയും ആരാധനയുടെ അർഥവും ജീവിതത്തിന്റെ മധുരവുമെല്ലാം നബി തിരുമേനിയാണ്. നാളെ ഖബ്റിലും ശേഷം മഹ്ശറിലും അവിടുത്തെ ശിപാർശയാണ് കരുതൽ. ആദ്യ സൃഷ്ടി നബി പ്രകാശമാണ്" (പേജ് 10)

നബിﷺയുടെ മേൽ ഇത്രയും വലിയ കളവു പറഞ്ഞ് പരത്താൻ ശിയാക്കളെ അനുകരിക്കുന്ന ഇവർക്കേ കഴിയൂ. സ്വഹാബത്തിനോ ശേഷക്കാർക്കോ അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർക്കോ ഇത്തരമൊരു വിശ്വാസമുണ്ടായിട്ടില്ല. ശുപാർശയെ സംബന്ധിച്ച് ക്വുർആൻ പറയുന്നത് കാണുക: "...അവന്റെ അനുവാദപ്രകാരമല്ലാതെ അവന്റെയടുക്കൽ ശുപാർശ നടത്താനാരുണ്ട്?..."(2:255).

തന്റെ സമുദായത്തിന് വേണ്ടി ശുപാർശ നടത്താനുള്ള അനുമതിക്കായി നബിﷺ സുജൂദിൽ കിടന്ന് ധാരാളം കരഞ്ഞ് പ്രാർഥിക്കുമെന്ന് ഹദീഥുകളിൽ കാണാം. അല്ലാഹുവിന്റെ അനുവാദം, തൃപ്തി, തൗഹീദ് കൈവിടാതെയുള്ള ഇഹലോക ജീവിതം...ഇതുള്ളവർക്ക് ലഭിക്കുന്ന വലിയ സൗഭാഗ്യമാണ് ശുപാർശ. അല്ലാഹു പറയുന്നു: "അന്നേ ദിവസം പരമകാരുണികൻ ആരുടെ കാര്യത്തിൽ അനുമതി നൽകുകയും ആരുടെ വാക്ക് തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നുവോ അവന്നല്ലാതെ ശുപാർശ പ്രയോജനപ്പെടുകയില്ല" (20:109).

വഫാത്തായ നബിﷺയെ നേരിൽ വിളിച്ച് ശുപാർശ ചെയ്യാൻ ആവശ്യപ്പെടുന്നത് ശിർക്കാണെന്ന വസ്തുത സാധാരണക്കാർ മനസ്സിലാക്കുന്നില്ല. അങ്ങനെ ചെയ്താൽ റസൂലിന്റെ ശഫാഅത്ത് ലഭിക്കാതെ പോകുകയാണ് ഉണ്ടാവുക എന്നും അവർ അറിയുന്നില്ല.

നബിﷺയുടെ പ്രകാശമാണ് ആദ്യ സൃഷ്ടിയെന്നത് ഇസ്‌ലാമിന് അന്യവും ശിയാക്കൾ പടച്ചുണ്ടാക്കിയതുമായ അന്ധവിശ്വാസമാണ്. കള്ളക്കഥകളും ആരൊക്കയോ എഴുതിയ മാലപ്പാട്ടുകളും മാത്രമാണ് ഇതിനുള്ള ആധാരം. സൃഷ്ടികളിൽ ആദ്യത്തേത് പേനയാണെന്നത് പ്രമാണങ്ങളാൽ സ്ഥിരപ്പെട്ടിട്ടുമുണ്ട്.

ഇത്തരം അതിരുവിട്ട വാദങ്ങളെ ചൂണ്ടിക്കാണിക്കുമ്പോൾ മറുത്ത് പറയാറുള്ളത് ഇതെല്ലാം മദ്ഹിന്റെയും ബഹുമാനാദരവിന്റെയും ഹുബ്ബിന്റെയും ഭാഗമാണ്; അല്ലാതെ ആരാധനയുടെ ഭാഗമല്ല എന്നാണ്. ഇത് വെറും ന്യായീകരണ ശ്രമമാണ്. അല്ലാഹു വെച്ച പരിധി ഭേദിക്കലാണ്. ഉത്തമ തലമുറയിൽ പെട്ടവർക്ക് പരിചയമില്ലാത്ത വാദമാണ്. മതവിശ്വാസത്തെ അതിന്റെ സ്ഫുടതയിൽ വിശ്വസിച്ചാചരിക്കാതെ വികലമാക്കി വ്യതിചലിക്കുന്നതെന്തിനാണ്?

## ലേഖകരുടെ ശ്രദ്ധയ്ക്ക്

'നേർപഥ'ത്തിലേക്ക് സൃഷ്ടികൾ അയക്കുന്നവർ ലേഖനങ്ങളിൽ ഉദ്ധരിക്കുന്ന ക്വുർആൻ സൂക്തങ്ങൾക്ക് അധ്യായത്തിന്റെയും വചനത്തിന്റെയും നമ്പർ വ്യക്തമാക്കണം. സ്വഹീഹായ ഹദീഥുകൾ മാത്രം ഉദ്ധരിക്കുകയും അതിന്റെ സ്രോതസ്സ് വ്യക്തമാക്കുകയും വേണം. പ്രസിദ്ധീകരിക്കാത്തവ തിരിച്ചയക്കുന്നതല്ല.

വിലാസം: Nerpatham Weekly, EKP Building, Kallai Road Kozhikode, PIN 673002, Phone: 0495 4019437
mail@nerpatham.com, www.nerpatham.com

നബീൽ പയ്യോളി
nabeelpayyoly@gmail.com





# പ്രതിഷേധങ്ങളിൽ ത്രിവർണമണിഞ്ഞ് രാജ്യം

**ഭിന്നതയുടെ വിഷവിത്ത് പാകാൻ ഫാസിസ്റ്റുകൾ ഒരുക്കിയ നിയമങ്ങൾ രാജ്യത്തെ ഒന്നിപ്പിക്കുന്ന മനോഹരമായ കാഴ്ചയാണ് സമ്മാനിക്കുന്നത്. കപട ദേശീയതയും ദേശസ്നേഹവും നിഷ്പ്രഭമാവുന്ന കാഴ്ച. ത്രിവർണ പതാകയ്ക്ക് കീഴിൽ അണിനിരന്ന് യഥാർഥ ദേശീയതയുടെ വക്താക്കൾ നാടും നഗരവും കീഴടക്കുകയാണ്. സ്വതന്ത്ര ഇന്ത്യ ഇത്രയധികം ദേശീയ പതാകകൾ ഒന്നിച്ച് കണ്ടിട്ടില്ല. ഭരണഘടനയും രാഷ്ട്രശിൽപികളുടെ ചിത്രങ്ങളും ആസാദി മുദ്രാവാക്യങ്ങളും കേവലം നിയമഭേദഗതികൾക്കെതിരെയുള്ള പ്രതിഷേധം മാത്രമല്ല. മറിച്ച്, രാജ്യനൈതികക്കെതിരു നിൽക്കുന്ന ഫാസിസത്തിന്റെ അടിവേരറുക്കുന്ന പോരാട്ടം കൂടിയാണ്.**

പൗരത്വ ഭേദഗതി ബില്ലും എൻ.ആർ.സിയും നടപ്പിലാക്കിയേ അടങ്ങൂ എന്ന വാശിയിലാണ് പ്രധാനമന്ത്രിയും അഭ്യന്തര മന്ത്രിയും. കേന്ദ്ര സർക്കാരിന്റെ ഈ ഭരണഘടന വിരുദ്ധ നീക്കങ്ങൾക്കെതിരെ രാജ്യം മുഴുവൻ പ്രതിഷേധം അലയടിക്കുകയാണ്. നാനാത്വത്തിൽ ഏകത്വം എന്ന അനുപമ മാതൃക ലോകത്തിന് സമ്മാനിച്ച വൈവിധ്യങ്ങളുടെ പൂന്തോട്ടത്തെ കരിച്ചുകളയാൻ അനുവദിക്കുകയില്ലെന്ന പ്രഖ്യാപനമാണ് പ്രതിഷേധ സമരങ്ങളിലൂടെ നാം കാണുന്നത്. ജാതി, മത, വർണ, വർഗ, ഭാഷ, വേഷ ഭേദമന്യ ഇന്ത്യയെ സ്നേഹിക്കുന്ന മുഴുവൻ ജനതയും പ്രതിഷേധത്തിലാണ്. ഇന്ത്യയിലുള്ളവർ മാത്രമല്ല ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന ഇന്ത്യക്കാരും പ്രതിഷേധ പരിപാടികൾ

സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. രാജ്യത്തിന്റെ സവിശേഷതയെ തകർക്കുന്ന, ഒരുവിഭാഗം ജനങ്ങളെ അപരവൽകരിക്കുന്ന ഈ നീക്കത്തിനെതിരെ ലോക രാഷ്ട്രങ്ങളിൽ പലതും അതൃപ്തി പ്രകടിപ്പിച്ചിട്ടുണ്ട്.

മുസ്‌ലിം സമൂഹത്തെ അന്യവത്കരിക്കാനും ഇല്ലാതാക്കാനും സംഘപരിവാർ നിരന്തരം നടത്തിവരുന്ന നീക്കങ്ങളുടെ ഏറ്റവും പുതിയ എപ്പിസോഡ് മാത്രമാണ് ഈ നിയമ ഭേദഗതി. അതിലൂടെ മുസ്‌ലിം സമൂഹം ഒറ്റപ്പെടും എന്നതായിരുന്നു മോദി, അമിത്ഷാ കൂട്ടുകെട്ടിന്റെ കണക്കുകൂട്ടൽ. ഇത് പാടെ തകർത്തുകൊണ്ടാണ് രാജ്യത്തെ മുഴുവൻ ജനങ്ങളും പ്രക്ഷോഭരംഗത്തേക്ക് ഇറങ്ങിയിരിക്കുന്നത്. ഇത് കേന്ദ്ര സർക്കാരിനെ അക്ഷരാർഥത്തിൽ വെട്ടിലാക്കിയിരിക്കുകയാണ്.

അത്കൊണ്ട് തന്നെയാണ് പ്രധാനമന്ത്രിക്ക് കള്ളം പറയേണ്ടിവന്നത്. രാജ്യം മുഴുവൻ എൻ.ആർ.സി നടപ്പിലാക്കാൻ ഒരു ചർച്ചയും തന്റെ നേതൃത്വത്തിലുള്ള സർക്കാർ നടത്തിയിട്ടില്ലെന്നും അത് കുപ്രചരണമാണെന്നും അദ്ദേഹം പറഞ്ഞു. കേന്ദ്ര അഭ്യന്തര മന്ത്രി അമിത്ഷാ കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് കാലത്തും അതിന് ശേഷവും പലപ്പോഴായി ഈ വിഷയത്തിൽ പറഞ്ഞ അഭിപ്രായങ്ങൾ പ്രധാനമന്ത്രിക്കുള്ള വായടപ്പൻ മറുപടികളാണ്. സർക്കാർ ഔദ്യോഗികമായിത്തന്നെ എം.പിമാർക്ക് നൽകിയ മറുപടികളിലും കാര്യം വ്യക്തം. പൗരത്വ ഭേദഗതി നിയമം, ദേശീയ ജനസംഖ്യാ രജിസ്റ്റർ, ദേശീയ പൗരത്വ രജിസ്റ്റർ എന്നിവ പരസ്പരം ബന്ധിതമാണെന്നും അത് രാജ്യം മുഴുവൻ നടപ്പിലാക്കാനാണ് പദ്ധതി എന്നും ജനങ്ങൾക്ക് ബോധ്യമായിട്ടുണ്ട്. മുൻ കോൺഗ്രസ്സ് സർക്കാരുകളും വിവിധ രാഷ്ട്രീയ പാർട്ടികളും പലപ്പോഴായി ആവശ്യപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുക മാത്രമെ ഇതിലൂടെ ഞങ്ങൾ ചെയ്യുന്നുള്ളൂ എന്ന നല്ലപിള്ള ചമയൽ ബിജെപിയുടെ ഭാഗത്ത് നിന്നും ഉണ്ടായി. അത് വസ്തുതാ വിരുദ്ധമാണെന്ന് കാര്യങ്ങൾ പഠിക്കുന്ന ഏതൊരാൾക്കും വ്യക്തമാകും.



പ്രധാനമന്ത്രിയും അഭ്യന്തരമന്ത്രിയും സംഘപരിവാർ സംഘടനകളും നിരന്തരം നുണകൾ പടച്ചുവിട്ടിട്ടും പ്രതിഷേധങ്ങളെ ഒരു തരി പിന്നോട്ട് വലിക്കാൻ സാധ്യമായിട്ടില്ല എന്നത് ശുഭകരമാണ്. പ്രക്ഷോഭകാരികളുടെ വേഷം കണ്ടാൽ തന്നെ അവരെ തിരിച്ചറിയാം എന്ന നീചവും വംശീയവുമായ പ്രസ്താവന വരെ പ്രധാനമന്ത്രി നടത്തിയിട്ടും പ്രതിഷേധങ്ങളെ തെല്ലും തളർത്താൻ അവർക്ക് സാധിച്ചിട്ടില്ല. പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന മുഴുവൻ സംസ്ഥാനങ്ങളും ഈ കാര്യങ്ങൾ നടപ്പിലാക്കില്ല എന്ന് ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞു. കേരള നിയമസഭ പ്രമേയം പാസ്സാക്കി. രാജ്യസഭയിലും ലോക സഭയിലും ഈ ബില്ലിനെ അനുകൂലിച്ച എൻ.ഡി.എ ഘടകകക്ഷികൾ തന്നെ ശക്തമായ പ്രതിഷേധം അറിയിച്ചു കഴിഞ്ഞു. ബി.ജെ.പി ഭരണപങ്കാളിത്തം വഹിക്കുന്ന സംസ്ഥാനങ്ങൾ വരെ ഈ നിയമം നടപ്പാക്കില്ല എന്ന് പ്രഖ്യാപിച്ചതും കേന്ദ്രസർക്കാറിനെയും ബി.ജെ.പിയെയും വെട്ടിലാക്കിയിരിക്കുകയാണ്. പൗരത്വ നിയമ ഭേദഗതിയെ എതിർത്ത് ഗോവ മുഖ്യമന്ത്രിയും ബി.ജെ.പി നേതാവുമായ പ്രമോദ് സാവന്ത് രംഗത്ത് വന്നു. ബീഹാറിൽ നടപ്പാക്കില്ലെന്ന് മുഖ്യമന്ത്രി നിതീഷ് കുമാറും ആന്ധ്രയിൽ നടപ്പാക്കില്ലെന്ന് ജഗ്മോഹൻ റെഡ്ഢിയും പ്രഖ്യാപിച്ചു. വാജ്പേയ് സർക്കാരിലെ അംഗമായിരുന്ന യശ്വന്ത് സിൻഹ ബില്ലിനെതിരെ മുംബൈയിൽ നിന്ന് ഡൽഹിയിലേക്ക് 'ഭാരത് ജോഡോ' യാത്ര നടത്തുകയാണ്. ബി.ജെ.പിക്ക് അകത്തുനിന്ന് തന്നെ വലിയ പ്രതിഷേധങ്ങൾ ഉയർന്ന് വരുന്നതായി വാർത്തകൾ വരുന്നുണ്ട്. മോദിയും അമിത്ഷായും ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്നു എന്നാണ് ഇതെല്ലാം സൂചിപ്പിക്കുന്നത്.

ഇന്ത്യയുടെ ഭാവിയിൽ ആശങ്കപ്പെടുന്നവരുടെ മനസ്സിന് ഏറെ സന്തോഷം നൽകുന്നതും സംഘപരിവാറിന്റെ പ്രതീക്ഷകൾ തകർത്ത്കളയുന്നതുമായ ഒരു കാര്യം പ്രതിഷേധസമരങ്ങളുടെ സവിശേഷമായ രീതി തന്നെയാണ്. രാജ്യം മുഴുവൻ പ്രതിഷേധം ആളിപ്പടരുമ്പോൾ ദേശീയ പതാകയാണ് വാനിൽ പാറിപ്പറക്കുന്നത്. വ്യത്യസ്ത മത, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സംഘടനകൾ സ്വന്തം കൊടികൾ മാറ്റിവച്ച് ദേശീയ പതാകയുമായാണ് പ്രതിഷേധ സമരത്തിനിറങ്ങുന്നത്. സംഘടനാ അതിർ വരമ്പുകൾക്കപ്പുറം ഇന്ത്യൻ പൗരന് അണിനിരക്കാൻ പറ്റുക ദേശീയ പതാകക്ക് കീഴിലില്ലാതെ മറ്റെന്തിന് കീഴിലാണ്?! ഇന്ത്യയെന്ന വികാരത്തിന് മുന്നിൽ മറ്റേത് അഭിപ്രായവ്യത്യാസങ്ങളും നിഷ്പ്രഭമാകുന്ന കാഴ്ച അതിമനോഹരമാണ്.

**ദേശീയ പതാകയുടെ ചരിത്രം**

ഇന്ത്യൻ ദേശീയ പതാകയുടെ ചരിത്രം ഹ്രസ്വമായൊന്നു മനസ്സിലാക്കാം: 1947 ജൂലൈ 22ന് സ്വതന്ത്ര ഇന്ത്യയുടെ ദേശീയപതാകയെപ്പറ്റി ചർച്ച ചെയ്യാൻ ഒരു പതാക സമിതി രൂപവത്കരിക്കുകയുണ്ടായി. രാജേന്ദ്രപ്രസാദ് അധ്യക്ഷനായ സമിതിയിൽ അബുൽ കലാം ആസാദ്, കെ.എം.പണിക്കർ, സരോജിനി നായിഡു, സി. രാജഗോപാലാചാരി, കെ.എം. മുൻഷി, ബി.ആർ. അംബേദ്കർ എന്നിവരായിരുന്നു അംഗങ്ങൾ . എല്ലാ കക്ഷികൾക്കും സമുദായങ്ങൾക്കും സ്വീകാര്യമായ രീതിയിൽ ചില സമുചിതമായ മാറ്റങ്ങൾ വരുത്തി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ പതാക ഇന്ത്യയുടെ ദേശീയപതാകയായി സ്വീകരിക്കാമെന്ന് അവർ തീരുമാനിച്ചു. യാതൊരു തരത്തിലുള്ള സാമുദായിക ബിംബങ്ങളും പതാകയിൽ അന്തർലീനമായിരിക്കില്ല എന്നും തീരുമാനിക്കുകയുണ്ടായി. സാരനാഥിലെ അശോകസ്തംഭത്തിലെ ധർമചക്രം ചർക്കയുടെ സ്ഥാനത്ത് ഉപയോഗിച്ചുകൊണ്ട് ദേശീയപതാകയ്ക്ക് അന്തിമരൂപം കൈവന്നു. 1947 ഓഗസ്റ്റ് 15ന് ഈ പതാക സ്വതന്ത്ര ഇന്ത്യയുടെ ദേശീയപതാകയായി ആദ്യമായി ഉയർന്നു. ഈ പതാകയിൽ തിരശ്ചീനമായി മുകളിൽ കേസരി (കടും കാവി), നടുക്ക് വെള്ള, താഴെ പച്ച നിറങ്ങളാണ് ഉള്ളത്. മധ്യത്തിലായി നാവികനീല നിറമുള്ള, 24 ആരങ്ങൾ ഉള്ള അശോക ചക്രവും ആലേഖനം ചെയ്യപ്പെട്ടിരിക്കുന്നു. വെള്ള നാടയുടെ വീതിയുടെ മുക്കാൽ ഭാഗമാണ് അശോകചക്രത്തിന്റെ വ്യാസം. പതാകയുടെ വീതിയുടെയും നീളത്തിന്റെയും അനുപാതം 2:3 ആണ്. ഈ പതാക ഇന്ത്യൻ കരസേനയുടെ യുദ്ധപതാകയും കൂടിയാണ്. ഇന്ത്യൻ കരസേനയുടെ ദിവസേനയുള്ള സേനാവിന്യാസത്തിനും ഈ പതാക ഉപയോഗിക്കുന്നു.

ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതിയായ സർവേപ്പള്ളി രാധാകൃഷ്ണൻ പതാകയിലെ വിവിധ പ്രതിരൂപങ്ങളെ താഴെ കാണുന്ന വിധം നിർവചിക്കുകയും ചെയ്തു: കുങ്കുമം ത്യാഗത്തെയും നിഷ്പക്ഷതയെയും സൂചിപ്പിക്കുന്നു. നമ്മുടെ നേതാക്കന്മാർ ഐഹിക സമ്പത്ത് നേടുന്നതിൽ താൽപര്യം ഇല്ലാത്തവരാണെന്നും അവർ ചെയ്യുന്ന ജോലിയിൽ പൂർണമായും മുഴുകിയിരിക്കുന്നവരുമാണെന്നും ഇത് സൂചിപ്പിക്കുന്നു. നടുക്കുള്ള വെള്ള നിറം നമ്മുടെ പ്രവൃത്തിയെ സത്യത്തിന്റെ പാതയിലൂടെ നയിക്കുന്ന വെളിച്ചത്തെ സൂചിപ്പിക്കുന്നു. പച്ച നിറം നമ്മുടെ ജീവിതം നിലനിർത്തുന്ന പ്രകൃതിയുമായും ഭൂമിയിലെ സസ്യലതാദികളുമായുള്ള ബന്ധത്തെയും സൂചിപ്പി

**ഇന്ത്യയുടെ ഭാവിയിൽ ആശങ്കപ്പെടുന്നവരുടെ മനസ്സിന് ഏറെ സന്തോഷം നൽകുന്നതും സംഘപരിവാറിന്റെ പ്രതീക്ഷകൾ തകർത്ത്കളയുന്നതുമായ ഒരു കാര്യം പ്രതിഷേധസമരങ്ങളുടെ സവിശേഷമായ രീതി തന്നെയാണ്. രാജ്യം മുഴുവൻ പ്രതിഷേധം ആളിപ്പടരുമ്പോൾ ദേശീയ പതാകയാണ് വാനിൽ പാറിപ്പറക്കുന്നത്. വ്യത്യസ്ത മത, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സംഘടനകൾ സ്വന്തം കൊടികൾ മാറ്റിവച്ച് ദേശീയ പതാകയുമായാണ് പ്രതിഷേധ സമരത്തിനിറങ്ങുന്നത്. സംഘടനാ അതിർ വരമ്പുകൾക്കപ്പുറം ഇന്ത്യൻ പൗരന് അണിനിരക്കാൻ പറ്റുക ദേശീയ പതാകക്ക് കീഴിലില്ലാതെ മറ്റെന്തിന് കീഴിലാണ്?! ഇന്ത്യയെന്ന വികാരത്തിന് മുന്നിൽ മറ്റേത് അഭിപ്രായവ്യത്യാസങ്ങളും നിഷ്പ്രഭമാകുന്ന കാഴ്ച അതിമനോഹരമാണ്.**

ക്കുന്നു. നടുക്കുള്ള അശോകചക്രം ധർമത്തിന്റെ ചക്രമാണ്. സത്യം, ധർമം; ഇവയായിരിക്കും ഈ പതാകയെ അംഗീകരിക്കുന്ന എല്ലാവരുടെയും മാർഗദർശി. ചക്രം ചലനത്തെയും സൂചിപ്പിക്കുന്നു. സ്തംഭനാവസ്ഥയിൽ മരണം ഉള്ളപ്പോൾ ചലനത്തിൽ ജീവൻ ആണ് ഉള്ളത്. ഇന്ത്യ മാറ്റങ്ങളെ തടഞ്ഞുനിർത്താതെ മുന്നോട്ട് പോകണം. ചക്രം ഇങ്ങനെ സമാധാനപരമായ മാറ്റത്തെയാണ് സൂചിപ്പിക്കുന്നത്.

കുങ്കുമം പരിശുദ്ധിയെയും ആത്മീയതയെയും വെള്ള സമാധാനത്തെയും സത്യത്തെയും പച്ച സമൃദ്ധിയെയും ഫലപുഷ്ടിയെയും ചക്രം നീതിയെയും ആണ് സൂചിപ്പിക്കുന്നത് എന്ന അനൗദ്യോഗികമായ മറ്റൊരു വ്യാഖ്യാനവും ഉണ്ട്. പതാകയിലുള്ള വിവിധ നിറങ്ങൾ ഇന്ത്യയിലെ മതങ്ങളുടെ നാനാത്വമാണ് സൂചിപ്പിക്കുന്നതെന്നും കുങ്കുമം ഹൈന്ദവതയെയും പച്ച ഇസ്‌ലാമിനെയും വെള്ള ജൈനമതം, സിഖ് മതം, ക്രിസ്തുമതം എന്നിവയെയും സൂചിപ്പിക്കുന്നു എന്നും വേറൊരു വ്യാഖ്യാനവുമുണ്ട്.

ദേശീയ പതാക രാജ്യത്തെ ജനതയുടെ ഐക്യത്തെയാണ് ഊട്ടിയുറപ്പിക്കുന്നത്. 1925ൽ രൂപീകൃതമായതു മുതൽ ബ്രിട്ടീഷുകാർക്കെതിരായ രാജ്യത്തെ ജനങ്ങളുടെ ഒറ്റക്കെട്ടായുള്ള സമരങ്ങളെ ആർ.എസ്.എസ് എതിർത്തുപോന്നു. 1929ൽ ലാഹോറിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിന്റെ സമയത്ത്, അഭിപ്രായ സമന്വയത്തിലൂടെ ത്രിവർണപതാക ദേശീയ പ്രസ്ഥാനത്തിന്റെ പതാകയായി അംഗീകരിക്കപ്പെട്ട് കഴിഞ്ഞിരുന്നു. ലാഹോർ സമ്മേളനം പൂർണസ്വരാജ് ലക്ഷ്യമിട്ട്, 1930 ജനുവരി 26ന് സ്വാതന്ത്ര്യദിനമായി ആചരിക്കാനും ത്രിവർണപതാകയെ ആദരിക്കാനും രാജ്യത്തെ ജനങ്ങളോട് ആഹ്വാനം ചെയ്തു. എന്നാൽ, കോൺഗ്രസ് ആഹ്വാനത്തെ തള്ളിക്കൊണ്ട് ഭഗവത് സണ്ട(കാവിപതാക)യെ ആരാധിക്കാൻ ആർ. എസ്. എസ് സർസംഘചാലക് ആയിരുന്ന ഡോക്ടർ ഹെഗ്ഡേവാർ എല്ലാ ആർ. എസ്. എസ് ശാഖകൾക്കും നിർദേശം നൽകി. അന്നുമുതൽ ഇന്നുവരെ ആർ. എസ്. എസിന്റെ ഒരു ചടങ്ങിലും ദേശീയപതാക ഉപയോഗിക്കുന്നില്ല. ആർ.എസ്.എസ് നേതാക്കൾ ദേശീയ പതാകയെ നിരാകരിച്ചുകൊണ്ട് നടത്തിയ സംസാരങ്ങൾ ചരിത്രത്തിൽ നമുക്ക് കാണാം. 1946 ജൂലായ് 14ന് നാഗ്പൂരിൽ വെച്ച് ഗുരുപൂർണിമ ആഘോഷിക്കുമ്പോൾ ഗോൾവാൾക്കർ പറഞ്ഞു: 'അവസാനം രാജ്യമൊന്നടങ്കം കാവി പതാകക്ക് മുന്നിൽ നമിക്കുമെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു.' വിചാരധാരയിൽ ഗോൾവാൾക്കർ ദേശീയ പതാകയെ കുറിച്ച് ഇങ്ങനെയാണ് എഴുതുന്നത്: 'രാഷ്ട്രത്തിന് വേണ്ടി നമ്മുടെ നേതാക്കന്മാർ പുതിയൊരു പതാകയുണ്ടാക്കി. എന്തുകൊണ്ടാണ് അവരങ്ങനെ ചെയ്തത്? അത് പ്രവാഹത്തിന്റെയും അനുകരണത്തിന്റെതുമായ ഒരു വിഷയമാണ്... മ



**ദേശീയ പതാക രാജ്യത്തെ ജനതയുടെ ഐക്യത്തെയാണ് ഊട്ടിയുറപ്പിക്കുന്നത്. 1925ൽ രൂപീകൃതമായതു മുതൽ ബ്രിട്ടീഷുകാർക്കെതിരായ രാജ്യത്തെ ജനങ്ങളുടെ ഒറ്റക്കെട്ടായുള്ള സമരങ്ങളെ ആർ.എസ്.എസ് എതിർത്തുപോന്നു. 1929ൽ ലാഹോറിൽ ചേർന്ന കോൺഗ്രസ് സമ്മേളനത്തിന്റെ സമയത്ത്, അഭിപ്രായ സമന്വയത്തിലൂടെ ത്രിവർണപതാക ദേശീയ പ്രസ്ഥാനത്തിന്റെ പതാകയായി അംഗീകരിക്കപ്പെട്ട് കഴിഞ്ഞിരുന്നു. ലാഹോർ സമ്മേളനം പൂർണസ്വരാജ് ലക്ഷ്യമിട്ട്, 1930 ജനുവരി 26ന് സ്വാതന്ത്ര്യദിനമായി ആചരിക്കാനും ത്രിവർണ പതാകയെ ആദരിക്കാനും രാജ്യത്തെ ജനങ്ങളോട് ആഹ്വാനം ചെയ്തു. എന്നാൽ, കോൺഗ്രസ് ആഹ്വാനത്തെ തള്ളിക്കൊണ്ട് ഭഗവത് സണ്ട (കാവി പതാക)യെ ആരാധിക്കാൻ ആർ. എസ്. എസ് സർസംഘചാലക് ആയിരുന്ന ഡോക്ടർ ഹെഗ്ഡേവാർ എല്ലാ ആർ. എസ്. എസ് ശാഖകൾക്കും നിർദേശം നൽകി.**



ഹത്ത്വപൂർണമായ ഒരു ഭൂതകാലമുള്ള, പ്രാചീനവും ശ്രേഷ്ഠവുമായ ഒരു രാഷ്ട്രമാണ് നമ്മുടേത്. അപ്പോൾ, നമുക്ക് നമ്മുടെ സ്വന്തമായ ഒരു പതാക ഉണ്ടായിരുന്നില്ലേ? ആയിരക്കണക്കിന് വർഷങ്ങളിൽ നമുക്ക് ദേശീയ ചിഹ്നമുണ്ടായിരുന്നില്ലേ? തീർച്ചയായും നമുക്കുണ്ടായിരുന്നു. പിന്നെന്തുകൊണ്ട് നമ്മുടെ മനസ്സുകളിൽ ദൗർബല്യവും ശൂന്യതയും?'

ഇന്നും ആർ.എസ്.എസുകാർ ഇതു തന്നെ ചോദിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ദേശീയ പതാകയെ ആർ.എസ്.എസ് ഒരിക്കലും അംഗീകരിച്ചിട്ടില്ല എന്നതാണ് യാഥാർഥ്യം. സ്വാതന്ത്ര്യം ലഭിച്ച തലേദിവസം രാവിലെ (ആഗസ്ത് 14, 1947) ഇറങ്ങിയ 'ഓർഗനൈസർ' ദേശീയ പതാകയെ പുച്ഛിച്ചുകൊണ്ട് ഒരു ലേഖനമെഴുതി: 'ഒരു വിധിയുടെ തൊഴിയിൽ അധികാരത്തിൽ വന്നവർ നമ്മുടെ കൈയിലേക്ക് ഒരു ത്രിവർണ പതാക തന്നിരിക്കുന്നു. ഇതിനെ ഹിന്ദുക്കൾ ബഹുമാനിക്കരുത്, അംഗീകരിക്കരുത്. മൂന്ന് എന്നത് തന്നെ വിനാശകരമാണ്. മൂന്ന് നിറമുള്ള പതാക മനുഷ്യരിൽ മാനസിക പ്രശ്നങ്ങളാണ് ഉണ്ടാകുക. അത് രാജ്യത്തിന് ഹാനികരമാണ്.' ഇതാണ് ദേശീയ പതാകയോട് സംഘപരിവാർ എന്നും സ്വീകരിച്ച സമീപനം.

ദേശീയ പതാകയേന്തിയുള്ള സമരം തെല്ലൊന്നുമല്ല സംഘപരിവാർ സംഘടനകൾക്ക് തലവേദനയാകുന്നത്. അവരുടെ സ്ഥാപക നേതാക്കൾ മുതൽ നാളിതുവരെയുള്ളവർ വരെ എതിർത്ത ത്രിവർണ പതാകയാണ് രാജ്യം മുഴുവൻ കാണുന്നത്. ഏകശിലാത്മകമായ ഒരു രാജ്യം സ്വപ്നം കാണുന്ന സംഘപരിവാറിന് ത്രിവർണം എന്നത് തന്നെ തിരിച്ചടിയാണ്. വൈവിധ്യങ്ങളെ ഊട്ടിയുറപ്പിക്കുന്നതും സത്യം, ധർമം, നീതി, സമാധാനം എന്നീ ഗുണങ്ങളും സംഘപരിവാർ പ്രത്യയ ശാസ്ത്രത്തിന് വിരുദ്ധമാണല്ലോ. അത്കൊണ്ടു തന്നെ ലക്ഷങ്ങൾ അണിനിരക്കുന്ന ത്രിവർണ പതാകയേന്തിയുള്ള പ്രതിഷേധ പരിപാടികൾ സംഘപരിവാർ നയങ്ങൾക്കെതിരെയുള്ള പ്രതിഷേധം കൂടിയാണ്.

പ്രതിഷേധ സമരക്കാരെ പ്രകോപിതരാക്കി അക്രമങ്ങൾ അഴിച്ചുവിടുക എന്ന കുതന്ത്രവും പരാജയപ്പെടുന്നതിൽ സംഘപരിവാർ അരിശത്തിലാണ്. റോസാപ്പൂ നൽകിയും ആസാദി മുദ്രാവാക്യങ്ങൾ മുഴക്കിയും രാഷ്ട്രശിൽപികളുടെ ചിത്രങ്ങൾ ഉയർത്തിയും സക്രിയമായ സരങ്ങൾക്കാണ് നാടും നഗരവും സാക്ഷിയായിക്കൊണ്ടിരിക്കുന്നത്. ഏതെങ്കിലും നിലയ്ക്ക് പ്രകോപനം സൃഷ്ടിക്കാനുള്ള ഭരണകൂട ശ്രമങ്ങൾക്ക് തലവച്ചുകൊടുക്കാതെ അവർ സമാധാനപരമായ സമരജ്വാലകൾ തീർക്കുന്നു. ദേശീയതയുടെയും രാജ്യസ്നേഹത്തിന്റെയും പൊയ്മുഖമണിഞ്ഞ് തങ്ങളുടെ കുതന്ത്രങ്ങൾ നടപ്പിലാക്കാം എന്ന് കരുതിയവർക്ക് മുന്നിലാണ് ഭരണഘടനയും ദേശീയ പതാകയും രാഷ്ട്ര ശിൽപികളുടെ ചിത്രങ്ങളുമായി പ്രതിരോധം തീർക്കുന്നത്. നിങ്ങളെക്കാൾ വലിയ രാജ്യസ്നേഹികൾ ഞങ്ങൾ തന്നെയാണെ

ന്ന് അവർ സധൈര്യം വിളിച്ചു പറയുന്നു. ഭരണഘടനയെ തകർക്കാനുള്ള ഒരു നീക്കത്തിനും ഞങ്ങൾ കൂട്ടുനിൽക്കില്ല, അനൈക്യത്തിന്റെ ആശയങ്ങൾക്ക് ഞങ്ങളുടെ മനസ്സിൽ ഇടമില്ല എന്നിവ പ്രതിഷേധ സമരത്തിൽ മുഴങ്ങിക്കേൾക്കുന്നു.

രാജ്യം രണ്ടാം സ്വാതന്ത്ര്യ സമര പോരാട്ടത്തിൽ തന്നെയാണ്. അത് നയിക്കുന്നത് മുഴുവൻ ജനങ്ങളുമാണ്. ഈ സമരത്തിന്റെ നായകർ ഓരോ ഇന്ത്യക്കാരനുമാണ്. മതം, ജാതി, രാഷ്ട്രീയം തുടങ്ങിയ മുഴുവൻ ഐഡന്റിറ്റികളും മാറ്റിവച്ച് ഇന്ത്യക്കാർ എന്ന ഒരൊറ്റ ഐഡന്റിറ്റിയുമായാണവർ സമര രംഗത്തുള്ളത്. അതുകൊണ്ട് തന്നെ ആരെയെങ്കിലും ഒറ്റതിരിഞ്ഞു വേട്ടയാടാൻ അവർക്ക് കഴിയുന്നില്ല. പ്രതിഷേധത്തെ തടയാൻ വന്ന നിയമപാലകരോട് 'ഞങ്ങളുടെ കൂടെ അണിചേരൂ, നമുക്ക് ഒന്നിച്ചു മുന്നേറാം' എന്ന് പറയുന്ന പ്രതിഷേധക്കാർ എത്ര സർഗാത്മകമായാണ് മുന്നോട്ട് പോകുന്നത്!

പ്രതിഷേധ സമരങ്ങളിൽ ബി.ജെ.പി ഭരിക്കുന്ന ഉത്തർ പ്രദേശിലാണ് കൂടുതൽ ജീവഹാനി ഉണ്ടായത്. സമരത്തിൽ പങ്കെടുക്കാത്തവർ പോലും അവിട കൊല്ലപ്പെട്ടിട്ടുണ്ട്. യോഗി ആദിത്യനാഥ് എന്ന ക്രൂരനായ മുഖ്യമന്ത്രി തന്റെ അധികാരം ഉപയോഗിച്ച് പ്രതികാരം ചെയ്യുകയാണ്. പൊലീസിനെ കയറൂരി വിട്ടിരിക്കുകയാണ്. രാജ്യത്തെ മുഴുവൻ ജനാധിപത്യ വിശ്വാസികളും മനുഷ്യാവകാശ പ്രവർത്തകരും ഈ ക്രൂരതക്ക് എതിരെ രംഗത്ത് വന്നിട്ടുണ്ട്. ഇരകൾക്ക് ആശ്വാസം പകരാൻ പോയ പ്രിയങ്ക ഗാന്ധി നിയമപാലകരുടെ വിലക്ക് ലംഘിച്ച് ഇരകളുടെ കണ്ണീരൊപ്പുന്ന കാഴ്ച നാം കണ്ടു. മുസ്ലിം ലീഗിന്റെ പ്രതിനിധികളും മനുഷ്യാവകാശ പ്രവർത്തകരും മുസഫർ നഗറിൽ അടക്കം രംഗത്തുണ്ട്. യോഗിയുടെ അടിച്ചമർത്തലിനെ പരോക്ഷമായി അനുകൂലിക്കുന്ന പ്രധാനമന്ത്രിയുടെ നിലപാട് അപലപനീയമാണ്. ബി.ജെ.പി അധികാരം കയ്യാളുന്ന ആസാമിലും കർണാടകയിലും പ്രതിഷേധക്കാർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. ഇത് സംഘപരിവാർ നേരത്തെ നടത്തിയ ഗൂഢാലോചനയുടെ ഫലമാണെന്ന് വ്യക്തം.

ലക്ഷങ്ങൾ അണിചേർന്ന ചില പ്രതിഷേധ സമരങ്ങളിൽ പോലും ഒറ്റപ്പെട്ട ചെറിയ അക്രമങ്ങളേ നടന്നിട്ടുള്ളൂ എന്നത് ശ്രദ്ധേയമാണ്. അവർ പിന്തുടരുന്നത് ഗോഡ്സെയെ അല്ല മറിച്ച് ഗാന്ധിജിയെയാണ് . അവർ അണിനിരക്കുന്നത് ത്രിവർണ പതാകക്ക് കീഴിലാണ്; കാവിക്കൊടിക്ക് കീഴിലല്ല. ഈ സമരം വിജയം കാണുകതന്നെ ചെയ്യും. അത്രമാത്രം ആഴത്തിൽ വേരൂന്നിയ നമ്മുടെ ജനാധിപത്യബോധം ആരുടെയും ആഹ്വാനം കാത്ത് നിൽക്കാതെ മുഴുവൻ ജനതയെയും ഈ കരിനിയമത്തിനെതിരെ രംഗത്തിറങ്ങാൻ പ്രാപ്തമാക്കിയെങ്കിൽ അത് രാജ്യത്തിന്റെ പാരമ്പര്യത്തെ സംരക്ഷിക്കുന്നതിനും ഉതകുന്നതാണ്. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ അന്തസ്സ് കാക്കുന്ന വിധി ജനുവരി 22 ന് സുപ്രീം കോടതിയിൽ നിന്നും രാജ്യം പ്രതീക്ഷിക്കുന്നു. സമാധാനവും നീതിയും വാഴുന്ന നല്ല നാളേക്കായി നമുക്ക് കാത്തിരിക്കാം.

പ്രതിഷേധ പരിപാടിയിൽ കണ്ട ഒരു പ്ലേ കാർഡിലെ വാചകങ്ങൾ ചിന്തനീയമാണ്: 'ഞാൻ ചരിത്രം പഠിക്കുകയാണ് എന്ന് അച്ഛൻ കരുതുന്നുണ്ടാവും. പക്ഷേ, ഞാൻ പുതുചരിത്രം രചിക്കുന്ന തിരക്കിലാണെന്ന് അദ്ദേഹം അറിയില്ലല്ലോ.' അതെ, രാജ്യം പുതുചരിത്രം രചിക്കുന്ന തിരക്കിലാണ്.


## സ്കൂൾ ഓഫ് ഖുർആൻ സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം

മതശിക്ഷണ രംഗത്ത് ചുരുങ്ങിയ കാലം കൊണ്ട് ഏറെ ശ്രദ്ധയാകർഷിച്ച സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജാമിഅ അൽ ഹിന്ദിന്റെ കീഴിൽ അഞ്ച് വർഷം മുമ്പ് തുടക്കം കുറിച്ച ഈ മഹദ് സംരംഭത്തിന് ഇപ്പോൾ 17 സെന്ററുകളും ഒരു റസിഡൻഷ്യൽ ക്യാമ്പസുമാണുള്ളത്. പ്രാദേശിക സെന്ററുകൾ വഴി അഞ്ച് വർഷം പൂർത്തിയായ പഠിതാക്കളിൽ നിന്ന് മികവ് തെളിയിച്ച വിദ്യാർഥികളെ തെരഞ്ഞെടുത്ത് രാജ്യാന്തര നിലവാരമുള്ള ഭൗതിക പഠന സൗകര്യങ്ങളോടൊപ്പം അഞ്ച് വർഷം കൊണ്ട് ക്വുർആൻ സമ്പൂർണമായി ഹൃദിസ്ഥമാക്കാൻ അവസരം നൽകിക്കൊണ്ട് സമൂഹത്തിന്റെ ഉന്നതരംഗങ്ങളിൽ ഉയർന്ന കാഴ്ചപ്പാടും ധാർമികബോധമുള്ള വിദഗ്ധരെ വളർത്തിയെടുക്കുകയാണ് സ്കൂൾ ഓഫ് ഖുർആൻ ലക്ഷ്യമിടുന്നത്.

ജാമിഅ നിർദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്താൽ അധ്യാപക നിയമനവും ട്രൈനിംഗും ദൈനംദിന കാര്യങ്ങളും വേതനവുമടക്കം മുഴുവൻ ഹെഡ് ഓഫീസിൽ നിന്നും നിയന്ത്രിക്കുന്ന രീതിയിലാണ് സ്ഥാപനം ക്രമീകരിച്ചിരിക്കുന്നത്.

സെന്റർ സംബന്ധമായ വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും 9995588317 എന്ന നമ്പറിൽ ബന്ധപ്പെടുക.

School of Qur'an I Jamia Al-Hind Al-Islamiyya
Jamia Campus I Mini Ootty
Malappuram I Kerala I India I PIN 676519
www.schoolofquran.in I mail@schoolofquran.com

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com



# മനുഷ്യൻ മൃഗമാകുമ്പോൾ

"ജിന്നുകളിൽ നിന്നും മനുഷ്യരിൽ നിന്നും ധാരാളം പേരെ നാം നരകത്തിന് വേണ്ടി സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് മനസ്സുകളുണ്ട്. അതുപയോഗിച്ച് അവർ കാര്യം ഗ്രഹിക്കുകയില്ല. അവർക്കു കണ്ണുകളുണ്ട്. അതുപയോഗിച്ച് അവർ കണ്ടറിയുകയില്ല. അവർക്ക് കാതുകളുണ്ട്. അതുപയോഗിച്ച് അവർ കേട്ടു മനസ്സിലാക്കുകയില്ല. അവർ കാലികളെപ്പോലെയാകുന്നു. അല്ല; അവരാണ് കൂടുതൽ പിഴച്ചവർ. അവർ തന്നെയാണ് ശ്രദ്ധയില്ലാത്തവർ" (ക്വുർആൻ 7:179).

ഈ വചനം എന്ത് ആശയമാണ് നമുക്ക് പകർന്നുനൽകുന്നതെന്ന് പരിശോധിക്കാം. മനുഷ്യന് ഒരുപാട് പ്രത്യേകതകളുണ്ട്. മനുഷ്യന്റെ ഏറ്റവും വലിയ പ്രത്യേകത ചിന്താശേഷിയാണ്. നാം കാണുന്നു. ഇതര ജീവജാലങ്ങളും കാണുന്നു. പക്ഷേ, മറ്റുജീവികൾ കാണുന്നതുപോലെയല്ല നാം കാണുന്നത്. നമ്മുടെ കാഴ്ചക്ക് പ്രത്യേകതയുണ്ട്. കാരണം നാം കണ്ടതിനെ കുറിച്ച് നാം ചിന്തിക്കുന്നു. നാം കേൾക്കുന്നു. മറ്റു ജീവികളും കേൾക്കുന്നു. പക്ഷേ, നമ്മുടെ കേൾവിക്ക് പ്രത്യേകതയുണ്ട്. കാരണം നാം കേട്ട കാര്യങ്ങളെ കുറിച്ച് നാം ചിന്തിക്കുന്നു. നമുക്ക് ഒരു ഹൃദയമുണ്ട്. ആ ഹൃദയം കൊണ്ട് കാണുകയും കേൾക്കുകയും ചെയ്ത കാര്യങ്ങളെ അപഗ്രഥിക്കുകയും ചെയ്യുന്നു. അതുകൊണ്ട് തന്നെ മനുഷ്യൻ ഇതര ജീവജാലങ്ങളിൽനിന്നും വ്യത്യസ്തനായി നിലകൊള്ളുന്നു.

എന്നാൽ പലപ്പോഴും മനുഷ്യൻ മൃഗങ്ങളെക്കാൾ മോശമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് നമുക്ക് കാണുവാൻ സാധിക്കും. എന്തുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത് എന്നതിനുള്ള വിശദീകരണമാണ് ഉപരിസൂചിത ക്വുർആൻ വചനം. മനുഷ്യരിലും ജിന്നുകളിലും പെട്ട വലിയൊരു വിഭാഗം നരകത്തിൽ പ്രവേശിക്കപ്പെടാനുള്ള കാരണമായി പറഞ്ഞതിലേക്ക് ഒന്ന് കണ്ണോടിക്കുക.

കാണേണ്ടത് കാണാനും കേൾക്കേണ്ടത് കേൾക്കാനും ചിന്തിക്കേണ്ടതിനെക്കുറിച്ച് ചിന്തിക്കാനും തയ്യാറാകാത്തവരാണവർ. അതുകൊണ്ട്തന്നെ അവരെ ഉപമിക്കാവുന്നത് കന്നുകാലികളോടാണ്. പലപ്പോഴും അവർ കന്നുകാലികളെക്കാൾ മോശമായി മാറുന്നു. എന്താണ് കാരണം? കന്നുകാലികൾക്ക് ചിന്തിക്കുവാനും ആലോചിക്കുവാനും ഉള്ള കഴിവ് നൽകപ്പെട്ടിട്ടില്ല. എന്നാൽ മനുഷ്യൻ ഈ കഴിവുകളെല്ലാം നൽകപ്പെട്ടിട്ടും യഥാർഥത്തിൽ ഇതൊന്നും വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ല.

കാതുകൾകൊണ്ട് കേൾക്കേണ്ടത് കേൾക്കാതെയും കണ്ണുകൾകൊണ്ട് കാണേണ്ടത് കാണാതെയുമാണ് അവർ ജീവിക്കുന്നത്. ചിന്തിക്കേണ്ടതല്ല അവർ ചിന്തിക്കുന്നതും. അതുകൊണ്ട്തന്നെ അവർ നരകാവകാശികളായിത്തീരുന്നു എന്നാണ് ഈ വചനത്തിലൂടെ അല്ലാഹു പറയുന്നത്.

മനുഷ്യനെ മനുഷ്യനാക്കിത്തീർക്കുന്നത് അവന്റെ ചിന്താശേഷിയാണ്. അവന്റെ കണ്ണുകളെയും കാതുകളെയും ശരിയായ രൂപത്തിൽ അവൻ ഉപയോഗപ്പെടുത്തണം. അവന്റെ ചുറ്റിലും കാണുന്ന മഹാപ്രതിഭാസങ്ങളെ കുറിച്ച് അവൻ ചിന്തിക്കേണ്ടതുണ്ട്. ദൈവിക വചനങ്ങളും പ്രവാചക സന്ദേശങ്ങളും കേൾക്കുമ്പോൾ അവൻ ചിന്തിക്കേണ്ടതുണ്ട്. എന്നാൽ സത്യത്തെ കണ്ടെത്താനോ സത്യത്തെ കുറിച്ച് കേൾക്കാനോ തയ്യാറാകാതെ കന്നുകാലികളെപ്പോലെ ജീവിക്കുന്ന അവസ്ഥ മുനുഷ്യന് ഒരിക്കലും ഉണ്ടായിക്കൂടാ.

നേരം വെളുക്കുന്നു; വൈകുന്നേരമാകുന്നു. ഭക്ഷണം കഴിക്കുന്നു, വസ്ത്രം ധരിക്കുന്നു, സുഖസൗകര്യങ്ങൾ ആസ്വദിക്കുന്നു... ഇത് ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. ഇതിനപ്പുറം ജീവിതത്തെ സംബന്ധിച്ച് ഗൗരവപ്പെട്ട ഒരു ചിന്തയേ പലർക്കുമില്ല.

എണ്ണമറ്റ നക്ഷത്രങ്ങളെയും ഗ്രഹങ്ങളെയും സൃഷ്ടിച്ച് സംവിധാനിച്ചവൻ ആരാണ്? പൂക്കൾ, പൂമ്പാറ്റകൾ, നദികൾ, അരുവികൾ, സമുദ്രങ്ങൾ, കാടുകൾ, മരുഭൂമികൾ... എണ്ണമറ്റ സൃഷ്ടിജാലങ്ങളെ ആരാണ് ഈ ഭൂമിയിൽ സംവിധാനിച്ചത്? സൃഷ്ടിപ്രപഞ്ചത്തെ മുഴുവൻ ജോഡികളായി സൃഷ്ടിച്ചവൻ ആരാണ്? നിസ്സാരമായ ഒരു ബീജകണികയെ മനോഹരമായ ഒരു മനുഷ്യരൂപമാക്കി മാറ്റുന്നവൻ ആരാണ്? വേദഗ്രന്ഥങ്ങൾ സത്യസന്ധമാണോ? പ്രവാചകന്മാർ പറഞ്ഞതെല്ലാം സത്യമായിരുന്നോ? മരണശേഷം എന്ത് സംഭവിക്കുന്നു? സ്വർഗവും നരകവും യാഥാർഥ്യമാണോ? എന്താണ് ആത്മാവ്? എന്താണ് ജീവൻ? ആരാണ് ജീവൻ നൽകുന്നത്? എന്തുകൊണ്ട് മരണം സംഭവിക്കുന്നു? ആരാണ് നമ്മെ മരിപ്പിക്കുന്നത്? ആരാണ് നമ്മോട് ചോദിക്കാതെ നമ്മെ സൃഷ്ടിച്ചത്? ആരാണ് നമ്മോട് ചോദിക്കാതെ നമ്മെ മരിപ്പിക്കുന്നത്? മഴവർഷിപ്പിക്കുന്നതും സസ്യലതാദികൾ മുളപ്പിക്കുന്നതും സൂര്യനെയും ചന്ദ്രനെയും നിയന്ത്രിക്കുന്നതും ആരാണ്? ഇങ്ങനെ എണ്ണിയാൽ ഒടുങ്ങാത്ത ചോദ്യങ്ങൾ മനുഷ്യനു ചോദിക്കാനുണ്ട് . എന്നാൽ അത്തരം ചോദ്യങ്ങൾ ചോദിക്കുവാൻ അവൻ തയ്യാറാകുന്നില്ല. കന്നുകാലികളെപ്പോലെ തിന്നും കുടിച്ചും രമിച്ചും ജീവിച്ചുകൊണ്ടിരിക്കുന്നു. അതിന്റെ അനന്തരഫലം എന്താണ്; നരകമല്ലാതെ?



മരണാനന്തര ജീവിതത്തിൽ സത്യനിഷേധികളുടെ വിലാപം ക്വുർആൻ നമ്മുടെ മുന്നിൽ വരച്ച് കാണിക്കുന്നുണ്ട്:

"അവർ പറഞ്ഞു: ഞങ്ങൾ കേൾക്കുകയും ചിന്തിക്കുകയും ചെയ്തിരുന്നെങ്കിൽ ഞങ്ങൾ ഒരിക്കലും നരകാവകാശികളിൽ ഉൾപ്പെടുമായിരുന്നില്ല" (67:10).

അതുകൊണ്ട് അല്ലാഹു നമുക്ക് നൽകിയ കണ്ണിനെയും കാതിനെയും ചിന്താശേഷിയെയും യഥാവിധി ഉപയോഗപ്പെടുത്തി മനുഷ്യനായി ജീവിച്ച് വിജയംവരിക്കണം എന്ന ക്വുർആനിന്റെ ആഹ്വാനം നാം സ്വീകരിക്കുക.



നാഷിദ് കല്ലമ്പാറ
mail@nerpatham.com

ലേഖനം

# മാമൂലുകൾ തീർക്കുന്ന മാറാപ്പുകൾ

വധുവിന്റെ വീട്ടിലേക്ക് മിഠായിയുമായി പോകുന്ന കുട്ടികളടങ്ങുന്ന വലിയൊരു സംഘത്തിന്റെ വീഡിയോ ഇയിടെയായി വാട്സാപ്പിലൂടെയും ഫേസ്ബുക്കിലൂടെയും  പ്രചരിച്ചിരുന്നു. ഏറെ കൗതുകത്തോടെയാണ് പലരും ഇത് പ്രചരിപ്പിച്ചത്. ഇതിനെ അനുകൂലിച്ചും പ്രതികൂലിച്ചും പലരുമെഴുതി.

വിവാഹ നിശ്ചയത്തോടനുബന്ധിച്ച് മിഠായി കൊടുക്കുന്ന ഒരു നാട്ടാചാരം  വ്യാപകമാണ്. സമീപ ഭാവിയിൽ ഏറെ പ്രചാരം ലഭിക്കാൻ സാധ്യതയുള്ള, അതിന്റെ അൾട്രാവെർഷൻ ആചാരമാണ് ആ വീഡിയോയിലൂടെ കാണാൻ കഴിഞ്ഞത്.

ഇസ്‌ലാം മതവും അതിന്റെ അധ്യാപനങ്ങളും ലോകത്ത് ഒരു പോലെയാണ്. എന്നാൽ ചില നിർമിത ആചാരങ്ങളും അനുഷ്ഠാനങ്ങളും എല്ലാ നാടുകളിലുമുണ്ട്. കാലവും കാലാവസ്ഥയും നാടും നാട്ടതിരും മാറുന്നതിനനുസരിച്ച് അവയും മാറുന്നതായാണ് കാണപ്പെടുന്നത്.

മതാചാരവുമായി നൂലിഴ ബന്ധം പോലുമില്ലാത്ത ഇത്തരം നാട്ടാചാരങ്ങൾ പലപ്പോഴും വിശ്വാസ മൂല്യങ്ങളുടെ കടയ്ക്കൽ കത്തിവെക്കുന്നതുമായിരിക്കും...!

മാമൂലുകൾ എന്നറിയപ്പെടുന്ന ഇത്തരം നാട്ടാചാരങ്ങൾ വിശ്വാസത്തിന്റെയും മതത്തിന്റെയും കാതലായി തെറ്റിദ്ധരിക്കപ്പെട്ടു കൊണ്ടിരിക്കുകയാണിന്ന്.

അതുതന്നെയാണ് അടിസ്ഥാന മതകാര്യങ്ങളിൽ വീഴ്ചവരുത്തിയാലും ഇത്തരം മാമൂലുകളിൽ ഒരു വീഴ്ചയും വരുത്തിക്കൂടാ എന്ന് ചിലർക്ക് നിർബന്ധബുദ്ധിയുണ്ടാകാനുള്ള കാരണം. പലപ്പോഴും വ്യക്തിബന്ധങ്ങളിലെയും കുടുംബ ബന്ധങ്ങളിലെയും അളവുകോൽ പോലും ഈ മാമൂലുകളായി

മാറുക പതിവാണ്.

സമ്മാനങ്ങളുടെ തൂക്കവും വിലയും നോക്കി, സൽക്കാരങ്ങളുടെ എണ്ണവും വിഭവ വൈജാത്യങ്ങളും നോക്കി ബന്ധങ്ങൾക്ക് ഈടും പാവും നൽകുമ്പോഴാണ് പല ബന്ധങ്ങൾക്കും മാരകമായ കേടുപാടുകൾ പറ്റുന്നതും.

കുഞ്ഞിനെ ഗർഭംധരിക്കുന്നതു മുതൽ ജനനവും മുടികളയലും സുന്നത്ത് കർമവും പ്രായമറിയിക്കലും കല്യാണവും കല്യാണസൽക്കാരങ്ങളും വീടിന് കുറ്റിയടിക്കലും കുടിയിരിക്കലുമടക്കം, മരണവും അതിനു ശേഷമുള്ള ചടങ്ങുകളുമടക്കം തീരാത്ത ഇത്തരം മാമൂൽ പ്രസ്ഥാനങ്ങളെ ഒരു മുസ്‌ലിമെന്ന നിലയിൽ ധാർമികതയുടെയും നന്മയുടെയും മിതവ്യയത്തിന്റെയും സർവോപരി പ്രമാണങ്ങളുടെയും തുലാസിൽ തൂക്കി നോക്കേണ്ടതുണ്ട്...!

പാഴ്ചെലവുകൾ എത്രയാണ് നാം ഇതിന്റെ പേരിൽ വരുത്തിവെക്കുന്നത്...!

അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറച്ച് ഭക്ഷിക്കുന്നവൻ നമ്മിൽ പെട്ടവനല്ല എന്ന് പഠിപ്പിച്ച പ്രവാചകന്റെ അനുയായികൾ സ്വന്തം മതിലിനപ്പുറത്തെ വീട്ടിൽ പുക ഉയരാറുണ്ടോ എന്ന് നോക്കാറില്ലെങ്കിലും വിഭവസമൃദ്ധമായ സൽക്കാരങ്ങൾ നടത്തി ഊറ്റംകൊള്ളാൻ മടിക്കാറില്ല!

നാടോടുമ്പോൾ നടുവെ ഓടണം എന്ന തേഞ്ഞുപഴകിയ പഴഞ്ചൊല്ല് മുറുകെപ്പിടിച്ചുകൊണ്ട് മാമൂലുകളുടെ പിന്നാലെ ഓടിക്കൊണ്ടിരിക്കുകയാണ് അധികപേരും.

കടം കൊണ്ട് തലതാഴ്ത്തി നടപ്പാണെങ്കിലും ഗംഭീര സദ്യനടത്തി സ്റ്റാറ്റസ് നിലനിർത്താൻ ശ്രമിക്കുന്നവരെ നമുക്ക് മലയാളക്കരയിൽ കാണാം. ദുർവ്യയമാണെന്നറിയാമെങ്കിലും സമൂഹത്തിൽ 'അന്തസ്സ്' നിലനിർത്താൻ ഇത് ആവശ്യമാണെന്ന് ധരിച്ചുവശായിരിക്കുകയാണ് പലരും.

കല്യാണത്തിന്റ കടം വീടുന്നതിനു മുമ്പെ ആദ്യത്തെ കൺമണിയുടെ മുടികളയൽ അനുബന്ധിച്ചുള്ള ഹഖീകത്ത് അറുക്കലിന് വേണ്ടി ബാങ്കിൽ നിന്നും ലോൺ എടുത്ത സുഹൃത്തിനെ എനിക്കറിയാം! ഒരു സുന്നത്തിനു വേണ്ടി നിഷദ്ധം ചെയ്യുന്ന അവസ്ഥ...!

ലോണെടുത്തും കടംവാങ്ങിയും നാം നടത്തുന്ന മാമൂലുകൾ അനാവശ്യമാണെന്ന് മനസ്സാക്ഷി ഉറക്കെ പറയുമെങ്കിലും ഒരു നല്ല മകനും മരുമകളും, ഒരു നല്ല പിതാവും നല്ല നാത്തൂനും നല്ല അളിയനുമാകാൻ ഇതെല്ലാം അനിവാര്യമാണെന്ന് ആരൊക്കെയോ നമ്മെ ചൊല്ലിപ്പഠിപ്പിച്ചിരിക്കുന്നു.

ദുർവ്യയവും പാഴ്ചെലവുകളും ഒരു വിശ്വാസിക്ക് അഭിലഷണീയമല്ല എന്ന് ലാളിത്യത്തിന്റെ മതം പഠിപ്പിക്കുന്നുണ്ടെങ്കിലും മാമൂലുകൾക്ക് മീതെ അതിനൊന്നും സ്ഥാനം കൊടുക്കാൻ നമ്മൾ തയ്യാറല്ല.

നമ്മുടെ പ്രിയപ്പെട്ടവരെ എന്നും പ്രവാസികളാക്കി നിർത്തുന്നതിൽ ചെറുതല്ലാത്ത പങ്ക് ഈ മാമൂലുകൾക്കുണ്ട്.

എത്രയെത്ര സഹോദരങ്ങളാണ് വിവാഹം കഴിഞ്ഞ് പ്രിയതമയുടെ കൂടെ താമസിച്ച് കൊതി തീരും മുമ്പ് വിവാഹാവശ്യത്തിന് വാങ്ങിയ ലക്ഷങ്ങളുടെ കടം വീട്ടുവാൻ കടൽ കടക്കുന്നത്!

എത്രയെത്ര പ്രവാസികളാണ് ഈ മാമൂലുകൾ സമ്മാനിക്കുന്ന അനാവശ്യ കടബാധ്യതയാൽ പ്രവാസ ജീവിതം എന്ന തുരുത്തിൽ അകപ്പെട്ടു പോകുന്നത്!

മനുഷ്യന്റെ പ്രവർത്തനങ്ങൾക്കെല്ലാം പ്രതിഫലം ലഭിക്കുക അവന്റെ നിയ്യത്തനുസരിച്ചാണ് എന്നിരിക്കെ ഈ പ്രകടന പ്രഹസനങ്ങളിൽ എത്രത്തോളം നാം റബ്ബിന്റെ പ്രീതി മാത്രം ആഗ്രഹിച്ച് ചെയ്യുന്നുണ്ട് എന്ന് ആലോചിച്ചാൽ മതി; നിരർഥകമായ ഇത്തരം ആചാരങ്ങൾ ഒരു മുസ്‌ലിമിന് ഒട്ടും ഭൂഷണമല്ല എന്ന് മനസ്സിലാക്കാൻ.

ഉദ്ദേശ്യശുദ്ധിയാണ് പ്രവർത്തനങ്ങൾക്ക് പ്രതിഫലം നിർണയിക്കുന്ന മാനദണ്ഡം എന്നിരിക്കെ ചെയ്യാതിരുന്നാൽ മറ്റുള്ളവർ എന്തു വിചാരിക്കുമെന്ന ഭയവും മാമൂലുകൾ പാലിക്കാതിരിക്കുന്നതു മോശമല്ലേ എന്ന വിചാരവും മുൻനിർത്തി ചെയ്യുന്ന പ്രവർത്തനങ്ങൾക്കും സമ്പാദ്യ വിനിയോഗങ്ങൾക്കും ആര് പ്രതിഫലം നൽകുമെന്ന ചോദ്യം വളരെ പ്രസക്തമാണ്...!

അതിരുവിടുന്ന ആചാരങ്ങൾക്ക് വേണ്ടി വിനിയോഗിക്കുന്ന സമ്പത്ത് കുടുംബത്തിനു വേണ്ടിയും നാടിന്റെയും സമൂഹത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾക്കും വിദ്യാഭ്യാസ ഉന്നതിക്കും മതപ്രബോധന മേഖലയിലേക്കും മാറ്റിവച്ചാൽ എത്ര നന്നായിരുന്നു.

ഇസ്‌ലാം ഏറ്റവും ലളിതമായ ജീവിത നടപടിയാണ് പഠിപ്പിക്കുന്നത്. ലളിതമാകുമ്പോഴാണ് കൂടുതൽ ഭംഗിയുള്ളതാകുന്നതും. ഏറ്റവും ലളിതമാകുമ്പോഴാണ് കൂടുതൽ ദിനിനോട് ചേർന്നു നിൽക്കുന്നതും. അതു തന്നെയാണ് തിരുദൂതർﷺ അവിടുത്തെ ജീവിതം കൊണ്ട് വരച്ച് കാട്ടിയതും.

ഇസ്‌ലാമിക മൂല്യങ്ങളോട് ചേർന്നു നിൽക്കുന്ന ആചാരങ്ങളെ നമുക്കും ചേർത്തു നിർത്താം; അതിന്റെഅളവിലും രൂപത്തിലും; ഉദ്ദേശ്യശുദ്ധി നഷ്ടപ്പെടാതെ. ബിദ്അത്തുകൾ പാടെ വെടിയാൻ തയ്യാറാവുകയും വേണം. മതപരമായ കാര്യം എന്ന നിലയിൽ എന്ത് ചെയ്യുമ്പോഴും അത് പ്രാമാണികമാണ് എന്ന് ഉറപ്പു വരുത്തണം.




അർഷദ് താനൂർ
arshadtnr@gmail.com

ലേഖനം

# വിദ്യാർഥി പ്രതിഷേധങ്ങളെ അടിച്ചമർത്താനാവില്ല

അവകാശങ്ങൾക്ക് വേണ്ടി ശബ്ദിക്കുന്ന വിദ്യാർഥികളെ അക്രമങ്ങൾ കൊണ്ട് നിശ്ശബ്ദരാക്കാനുള്ള ശ്രമമാണ് ജെ.എൻ.യുവിൽ നടന്നത്. യൂണിവേഴ്സിറ്റി ഹോസ്റ്റൽ ഫീസ് ക്രമാതീതമായി ഉയർത്തിയ നടപടിക്കെതിരെ മാസങ്ങൾക്ക് മുമ്പ് നടന്ന പ്രക്ഷോഭത്തിന് ശേഷം വിദ്യാർഥികളുമായി ചർച്ച നടത്തി എടുത്ത തീരുമാനങ്ങൾ കാറ്റിൽ പറത്തും വിധം വീണ്ടും ഫീസ് ഉയർത്തുകയായിരുന്നു ജെ.എൻ.യു അധികാരികൾ. ഇതിനെതിരെ വീണ്ടും പ്രക്ഷോഭം നടത്തിയ സ്റ്റുഡൻസ് യൂണിയൻ ഭാരവാഹികളെയും വിദ്യാർഥികളെയും തല്ലിച്ചതയ്ക്കുകയായിരുന്നു എ.ബി.വി.പി ഗുണ്ടകൾ. ക്യാമ്പസിന് പുറത്തുനിന്നുള്ളവർ അടക്കം നൂറു കണക്കിന് അക്രമികളാണ് ക്യാമ്പസിനുള്ളിൽ നരനായാട്ട് നടത്തിയത്. വിദ്യാർഥികളെ തിരഞ്ഞുപിടിച്ച് മർദിച്ചും ലേഡീസ് ഹോസ്റ്റലിൽ കയറി വിദ്യാർഥിനികളെ ആക്രമിച്ചും ഗുണ്ടകൾ ക്യാമ്പസിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയായിരുന്നു.

ദിവസങ്ങൾക്കു മുമ്പേ വാട്സ്ആപ്പ് ഗ്രൂപ്പ് ഉണ്ടാക്കി പ്ലാൻ ചെയ്താണ് ഹോസ്റ്റലിൽ നടപ്പിലാക്കിയ അക്രമങ്ങൾ. മുഖം മറച്ചെത്തിയ അക്രമികൾ സ്റ്റുഡൻസ് യൂണിയൻ പ്രസിഡന്റ് ഐഷ ഘോഷ്, പ്രൊഫസർ സുചിത്ര സെൻ എന്നിവരടക്കമുള്ളവരെ ഇരുമ്പു ദണ്ഡുകളും മറ്റു മാരകായുധങ്ങളുമായി ആക്രമിക്കുകയായിരുന്നു.

ഈ അക്രമങ്ങൾ ഒക്കെയും നടന്നത് ഡൽഹി പോലീസിന്റെ കൺമുന്നിൽ വച്ചായിരുന്നു എന്നത് അധികാരികൾ ഈ നരനായാട്ടിന് മൗനാനുവാദം നൽകുകയായിരുന്നു എന്നതിന് വ്യക്തമായ തെളിവാണ്. പരിക്കേറ്റ വിദ്യാർഥികളെ ആശുപത്രിയിലെത്തിക്കുവാൻ വന്ന ആംബുലൻസ് പോലും തടഞ്ഞുനിർത്തി ആഹ്ലാദ പ്രകടനം നടത്തുകയായിരുന്നു ഇക്കൂട്ടർ.

എൻ.ആർ.സി, സി.എ.എ വിരുദ്ധ പ്രക്ഷോഭത്തിന് മുൻപന്തിയിൽ ഉണ്ടായിരുന്ന ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യ, അലിഗഡ് മുസ്‌ലിം യൂണിവേഴ്സിറ്റി എന്നീ ക്യാമ്പസുകളിൽ പോലീസിനെ ഉപയോഗിച്ച് അക്രമം അഴിച്ചുവിട്ടവർ ഇപ്പോൾ ശ്രമിക്കുന്നത് അധികാരികളുടെ ഒത്താശയോടെയുള്ള ആൾക്കൂട്ട അക്രമങ്ങൾക്കാണ്.

ഇന്ത്യൻ ജനത സി.എ.എ എന്ന കരിനിയമത്തിനെതിരെ ഒന്നിക്കുമ്പോൾ ഭ്രാന്തുപിടിച്ച് ജനക്കൂട്ടത്തെ ഇളക്കിവിട്ട് ന്യായമായ സമരങ്ങളെ അടിച്ചമർത്താം എന്നാണ് കരുതുന്നതെങ്കിൽ അത് വ്യാമോഹം മാത്രമാണ്. ആധുനിക ഇന്ത്യയുടെ ശിൽപിയായ ജവഹർലാൽ നെഹ്റുവിന്റെ നാമധേയത്തിലുള്ള, രാജ്യത്തെ ഉന്നത കലാലയത്തെ തന്നെ അക്രമത്തിന് തിരഞ്ഞെടുത്ത് സമരങ്ങളുടെ പ്രഭവകേന്ദ്രങ്ങളെ അടിച്ചമർത്തി വിദ്യാർഥിലോകത്തെ നിശ്ശബ്ദരാക്കാം എന്നാണ് വർഗീയവാദികൾ വിചാരിക്കുന്നത്.

അവകാശങ്ങൾക്ക് വേണ്ടി ശബ്ദിക്കാൻ, അനീതിക്കെതിരെ പോരാടാൻ വിദ്യാർഥി സമൂഹം എന്നും മുന്നിലുണ്ടാവും. രണ്ടാം സ്വാതന്ത്ര്യ സമരം വിജയം കാണുന്നത് വിദ്യാർഥികളിലൂടെ തന്നെയായിരിക്കും. അക്രമങ്ങൾ കൊണ്ടും അധികാരദണ്ഡ് കൊണ്ടും തങ്ങളെ അനീതിക്കെതിരെ ശബ്ദിക്കുന്നതിൽനിന്നും തടയാനാവില്ല എന്നു തന്നെയാണ് വിദ്യാർഥി സമൂഹത്തിന് ഉറക്കെ പ്രഖ്യാപിക്കാനുള്ളത്.

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

കാഴ്ച



# ആംബുലൻസിന്റെ നിലയ്ക്കാത്ത നിലവിളി

**ഓ**ഫീസിൽ ഒരു ഫയലിൽ മുഖം പൂഴ്ത്തി ഇരിക്കുകയായിരുന്നു. അപ്പോഴാണ് ആ നീണ്ട നിലവിളി കേട്ടത്. ഒരു ആംബുലൻസിൽ നിന്നുള്ള നിലയ്ക്കാത്ത ഹോൺ. ഒരുവേള ആ വാഹനത്തിലെ ആളെക്കുറിച്ച് ചിന്തിച്ചുപോയി. അതിവേഗത്തിൽ പായുന്ന വാഹനത്തിൽ ജീവിതത്തിനും മരണത്തിനും ഇടയിലുള്ള നൂൽപാലത്തിലൂടെ പതിയെ സഞ്ചരിച്ചു കൊണ്ടിരിക്കുന്ന ഒരു മനുഷ്യൻ! കൂടെ കരഞ്ഞ്കണ്ണുനീർ പൊഴിച്ച് സ്ഥലകാല ബോധം നഷ്ടപ്പെട്ട് ഉറ്റവർ...

ഈ വാഹനത്തിന്റെ മുന്നറിയിപ്പ് നിലവിളി ശബ്ദം ഓഫീസിലിരിക്കുമ്പോൾ ഇടയ്ക്കിടെ കേൾക്കാം. മികച്ച സൗകര്യങ്ങളുള്ള അര ഡസനോളം ആശുപത്രികളുള്ള നഗരത്തിലെ സമുച്ചയത്തിലെ മൂന്നാം നിലയിലാണ് ഓഫീസ്. നാല് പാതകൾ ചേരുന്ന ജംഗ്ഷന് സമീപമുള്ള ഈ ഓഫീസിൽ ഏത് റോഡിലൂടെ ആംബുലൻസ് കിതച്ചോടിയാലും ശബ്ദം കാതിലെത്തും. ദിവസവും പല തവണ ഇത്തരം അനുഭവങ്ങൾ ഉണ്ടാകാറുണ്ട്. വർഷങ്ങൾക്ക് മുമ്പ് ബന്ധുവിന്റെ വീട്ടിലേക്ക് 'മരണംകൊണ്ട്' ആംബുലൻസ് വന്നു നിന്നതും കണ്ടമാത്രയിൽ കൂട്ടക്കരച്ചിൽ പൊട്ടിപ്പുറപ്പെട്ടതും ഓർമയിലുണ്ട്.

ഓരോ ആംബുലൻസിന്റെ ശബ്ദവും ഉള്ളിൽ ഒരാളൽ ഉണ്ടാക്കുന്നു. ആംബുലൻസുകളുടെ ഒന്നിച്ചോട്ടം വലിയ ദുരന്തത്തെ ഓർമിപ്പിക്കുന്നു. അപ്പോൾ അറിയാതെ സ്രഷ്ടാവിനെ വിളിച്ചുപോകും!

നാം വീട്, കുടുംബം, വാഹനം, ജോലി എന്നിവയ്ക്ക് വേണ്ടി മാത്രം അവിശ്രമം അധ്വാനിച്ചു കൊണ്ടേയിരിക്കുന്നു. തിരക്കിനിടയിൽ ഭക്ഷണം പോലും നേരത്ത് കഴിക്കാൻ പറ്റാതെ വരുന്നു. ഉറക്കം ആവശ്യത്തിന് ലഭിക്കാതെ പോകുന്നു. ഓടിത്തളർന്ന ശരീരത്തിന് വിശ്രമത്തിന് പോലും വേണ്ടത്ര സമയം കിട്ടുന്നില്ല. സ്വന്തം കുടുംബത്തിൽ പോലും വേണ്ടത്ര സമയം ചെലവഴിക്കാൻ ആകുന്നില്ല.

ആ ആംബുലൻസിൽ അതേപോലെ തിരക്കു പിടിച്ച ഒരാളുണ്ട്. ഓടിച്ചാടി നടന്നിരുന്ന ഒരാൾ. കുടുംബത്തിനും കൂട്ടത്തിനും വേണ്ടി രാപ്പകൽ ഉണ്ണാതെ, ഉറങ്ങാതെ, വിശ്രമിക്കാതെ ഓടി നടന്നിരുന്ന ഒരാൾ. ഇപ്പോൾ അയാൾ നിസ്സഹായനാണ്. ബന്ധുക്കൾ ദുഃഖാർത്തരാണ്.

തൊട്ടടുത്തുള്ള ഒരു ആശുപത്രിയിലേക്ക് ഏതാനും മിനുട്ടുകൾക്കുള്ളിൽ അയാളെ എത്തിക്കും. ആംബുലൻസിൽ നിന്ന്, തയ്യാറാക്കിവെച്ചിരിക്കുന്ന ഉന്തുവണ്ടിയിലെ പച്ച വിരിപ്പിലേക്ക് ജീവനക്കാർ എടുത്തുകിടത്തും. യൂണിഫോമിട്ട ആശുപത്രി ജീവനക്കാർ ആ വണ്ടി തള്ളി ആശുപത്രിക്കകത്തേക്കോടും. ഡോക്ടർമാർ ഉടനടി നിർദേശങ്ങൾ നൽകും; ചികിത്സ തുടങ്ങും. മിക്കവാറും അയാളെ ഐസിയുവിലെ തണുത്ത ഏകാന്തതയിലേക്ക് മാറ്റും.

പുറത്ത് ഡോക്ടറുടെ ആശ്വാസ വാക്കുകൾക്കായി ബന്ധുക്കൾ കാത്ത് കെട്ടിക്കിടക്കും. ഉറങ്ങാതെ, ഭക്ഷണം കഴിക്കാതെ. കേട്ടറിഞ്ഞവരുടെ ഫോൺ വിളികൾ എത്തും. വിവരം പരക്കും. ബന്ധുക്കൾ, അയൽവാസികൾ, കൂട്ടുകാർ ആശ്വാസ വചനങ്ങളുമായി എത്തും. ഇതൊന്നുമറിയാതെ അയാൾ ആ തണുപ്പ് മുറിയിൽ നിശ്ശബ്ദനായി കിടക്കും.

ഓരോ പാതയിൽ നിന്നും ആംബുലൻസിന്റെ അവിരാമമായ ഹോണുകൾ പാതി തുറന്ന ചില്ല് ജാലകങ്ങൾ കടന്നെത്തി അസ്വാരസ്യം ഉണ്ടാകുമ്പോൾ മനസ്സിൽ അറിയാതെ പേടി ജനിക്കും, പിന്നെയത് വളരും. ഗ്യാരണ്ടി തീരെയില്ലാത്ത ഒന്നാണല്ലോ ജീവിതം!

ഒരുപക്ഷേ, നമ്മൾ അറിയാത്ത ഒരു സ്ഥലത്ത് ഏതോ ഒരു ആംബുലൻസിൽ മുമ്പ് ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു ഡ്രൈവർ, കേട്ടറിവു മാത്രമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റിയിലേക്ക് നമ്മളെയും കൊണ്ട് നെറുകിൽ നിറമുള്ള വിളക്കുകൾ കത്തിച്ച് നിലയ്ക്കാത്ത നിലവിളിയോടെ എല്ലാ ട്രാഫിക് നിയമങ്ങളെയും അവഗണിച്ച് വളഞ്ഞു പുളഞ്ഞ വഴിത്താരയിലൂടെ നമ്മളെയും കൊണ്ടു ശരവേഗത്തിൽ പറന്നേക്കാം. നാഥാ, നീ തുണ! ഓരോ ആംബുലൻസിന്റെ നിലയ്ക്കാത്ത നിലവിളികളും നമ്മെ മരണത്തെ ഓർമപ്പെടുത്തുന്നു.

ശമീർ മദീനി
shameermadeeni@gmail.com






# സാക്ഷ്യവാക്യങ്ങളുടെ അർഥവ്യാപ്തി

ഇസ്‌ലാമെന്ന മഹത്തായ കെട്ടിടം അഞ്ച് സ്തംഭങ്ങളിലായിട്ടാണ് പടുത്തുയർത്തപ്പെട്ടിട്ടുള്ളത്. അതിൽ ഒന്നാമത്തേത് 'അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ ദൂതനാണ്' എന്നുമുള്ള സാക്ഷ്യവചനം അഥവാ 'ശഹാദത്ത് കലിമ'യാകുന്നു. 'ലാ ഇലാഹ ഇല്ലല്ലാഹു, മുഹമ്മദുർറസൂലുല്ലാഹി' എന്ന ഈ സാക്ഷ്യവചനം അർഥം മനസ്സിലാക്കി മനസ്സിലുറപ്പിച്ച് സത്യസന്ധമായി പ്രഖ്യാപിക്കുന്ന ഒരു വ്യക്തിക്ക് അഞ്ച് നേരത്തെ നമസ്കാരം നിർബന്ധമാണ്. അതാണ് പഞ്ച സ്തംഭങ്ങളിൽ രണ്ടാമത്തേത്. മൂന്നാമത്തേത് നിശ്ചിത സാമ്പത്തിക ശേഷിയുള്ളവർക്ക് നിർബന്ധ ദാനം അഥവാ സകാത്തും നാലാമത്തേത് റമദാൻ മാസത്തിലെ നിർബന്ധ വ്രതവും അഞ്ചാമത്തേത് കഴിവുള്ളവർക്കുള്ള നിർബന്ധ ഹജ്ജുമാണ്. ഇവ വഴിയെ വിവരിക്കാം.

പ്രത്യക്ഷമായ ഇത്തരം ആരാധനാകർമങ്ങൾ അനുഷ്ഠിക്കുന്നതിന് മുമ്പായി ഇസ്‌ലാം പഠിപ്പിക്കുന്ന നിർബന്ധ കാര്യങ്ങൾ അംഗീകരിക്കേണ്ടതുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് അല്ലാഹുവിനെ മാത്രം ആരാധിക്കുകയും മറ്റാരെയും ആരാധിക്കാതിരിക്കുകയും ചെയ്യുക എന്ന അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കൽ അഥവാ തൗഹീദ് ആകുന്നു. അല്ലാഹു അയച്ച സർവ ദൂതൻമാരും കാല, ദേശ വ്യത്യാസമില്ലാതെ അവരുടെ ജനതയെ പ്രഥമവും പ്രധാനവുമായി ക്ഷണിച്ചത് ഈ ഏകദൈവാരാധനയിലേക്കായിരുന്നു.അല്ലാഹു പറയുന്നു:

“തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി)...” (16:36)

“ഞാനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല” (21:25).

## ശഹാദത്ത് കലിമ: അർഥവും താൽപര്യവും

ഒരാൾ ഇസ്‌ലാമിലേക്ക് കടന്നുവരുമ്പോൾ മനസ്സും ശരീരവും ശുദ്ധമാക്കി ഏറ്റു പറയേണ്ട സാക്ഷ്യവചനമാണ് ശഹാദത്ത് കലിമ. ‘അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹു, വ അശ്ഹദു അന്ന മുഹമ്മദർറസൂലുല്ലാഹി’ എന്ന സാക്ഷ്യവചനത്തിന്റെ അർഥം ഇപ്രകാരമാണ്: “അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.”

ഇസ്‌ലാമിന്റെ പഞ്ച സ്തംഭങ്ങളിൽ പ്രഥമ സ്ഥാനം ഈ സാക്ഷ്യ പ്രഖ്യാപനത്തിനാണ്. കാരണം ഇത് അംഗീകരിക്കാത്ത ഒരാൾക്ക് മുസ്‌ലിമാവാൻ സാധ്യമല്ല. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുവാനും സ്വർഗം നേടുവാനും ഈ വിശ്വാസ പ്രഖ്യാപനം അനിവാര്യമാണ്.

അല്ലാവുവല്ലാതെ ആരാധനക്കർഹനല്ലാതെ മറ്റാരുമില്ലെന്ന് നിഷ്‌കളങ്കവും സത്യസന്ധവുമായി ആർ സാക്ഷ്യം വഹിച്ചുവോ അയാൾക്ക് നബിﷺയുടെ ശുപാർശ ലഭിക്കുമെന്ന് നബിﷺ അറിയിച്ചിട്ടുണ്ട്. (ബുഖാരി).

ആരുടെയെങ്കിലും അവസാന വാക്ക് ലാ ഇലാഹ ഇല്ലല്ലാഹ് (ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല) എന്നതായാൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കുമെന്ന് നബിﷺ അറിയിച്ചിട്ടുണ്ട്. (അബൂദാവൂദ്).

അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന എല്ലാറ്റിന്റെയും ആരാധ്യതയും ദിവ്യത്വവും നിഷേധിക്കുകയാണ് ഈ വചനത്തിന്റെ ആദ്യ ഭാഗം (ലാ ഇലാഹു) ചെയ്യുന്നത്. എന്നിട്ട് ആരാധനയുടെ സകല അംശങ്ങളും അല്ലാഹുവിന് മാത്രമായി പരിമിതപ്പെടുത്തുകയാണ് രണ്ടാം ഭാഗത്തിലൂടെ (ഇല്ലല്ലാഹു) ചെയ്യുന്നത്.

ആരാധനകളർപ്പിക്കപ്പെടുന്ന ഏതിനും അറബി ഭാഷയിൽ പറയുന്ന ഒരു പൊതു നാമമാണ് ‘ഇലാഹ്’ എന്നത്. കല്ലിനും മരത്തിനും ശവകുടീരത്തിനും തുടങ്ങി മനുഷ്യനെയോ മറ്റേത് സൃഷ്ടികളെയോ ആരാധിച്ചാലും ആ ആരാധനകളർപ്പിക്കുന്ന വ്യക്തിയുടെ ഇലാഹുകളാണവ. ഇത്തരത്തിലുള്ള വ്യാജമായ സർവ ആരാധനകളെയും നിരാകരിച്ചു കൊണ്ട് ന്യായമായ ആരാധന അല്ലാഹുവിന് മാത്രമേ അവകാശമുള്ളൂ എന്ന പ്രഖ്യാപനമാണ് ഈ മഹത്തായ വചനം ഉൾക്കൊള്ളുന്നത്.



കാര്യകാരണ ബന്ധങ്ങൾക്കതീതമായ (അഭൗതികമായ) യാതൊരു സഹായതേട്ടവും അല്ലാഹുവല്ലാത്തവരോട് പാടില്ല. ആരാധനയുടെ പരിധിയിൽ വരുന്ന അത്തരത്തിലുള്ള സ്നേഹവും ഭയപ്പാടും പ്രതീക്ഷയും തുടങ്ങി എന്തും അല്ലാഹുവല്ലാത്തവർക്ക് സമർപ്പിക്കൽ ഏകദൈവ വിശ്വാസത്തിന് (തൗഹീദിന്) കടകവിരുദ്ധവും ശിർക്ക് അഥവാ ബഹുദൈവത്വവുമാകുന്നു. ആരാധനയുടെ സകല അംശവും ഏകനായ അല്ലാഹുവിന് മാത്രം സമർപ്പിക്കണമെന്നതാണ് തൗഹീദിന്റെ അടിസ്ഥാനം. അല്ലാഹു പറയുന്നു:

“കീഴ്വണക്കം അല്ലാഹുവിന് മാത്രം ആക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും, നമസ്കാരം നിലനിർത്തുവാനും സകാത്ത് നൽകുവാനും അല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ വക്രതയില്ലാത്ത മതം” (98:5).

“തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നൻമചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു...” (17:23).

സത്യവിശ്വാസത്തിന്റെ അടിത്തറയിൽ കർമങ്ങൾ അനുഷ്ഠിക്കുന്നവർക്ക് ഒരു നല്ല ജീവിതവും വമ്പിച്ച പ്രതിഫലവും അല്ലാഹു വാഗ്ദാനം ചെയ്യുന്നു:

“ഏതൊരു ആണോ പെണ്ണോ സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്ന പക്ഷം നല്ലൊരു ജീവിതം തീർച്ചയായും ആ വ്യക്തിക്ക് നാം നൽകുന്നതാണ്. അവർ പ്രവർത്തിച്ച് കൊണ്ടിരുന്നതിൽ ഏറ്റവും ഉത്തമമായതിന് അനുസൃതമായി അവർക്കുള്ള പ്രതിഫലം തീർച്ചയായും നാം അവർക്ക് നൽകുകയും ചെയ്യും” (16:97).

‘മുഹമ്മദുർറസൂലുല്ലാഹി’ എന്നതാണ് സാക്ഷ്യവചനത്തിന്റെ രണ്ടാം ഭാഗം. മുഹമ്മദ് നബിﷺ അല്ലാഹുവിന്റെ ദൂതനാണെന്നുള്ള പ്രഖ്യാപനമാണിത്.

**ആരാണ് മുഹമ്മദ് നബിﷺ?**

മുഹമ്മദ് നബിﷺ ക്രിസ്താബ്ദം 570ൽ മക്കയിൽ ജനിച്ചു. അദ്ദേഹത്തിന്റെ ജനനത്തിന് മുമ്പുതന്നെ പിതാവ് അബ്ദുല്ല മരണപ്പെട്ടിരുന്നു. ശൈശവത്തിൽ മാതാവ് ആമിനയും മരണപ്പെട്ടു. പിന്നീട് പിതാമഹൻ അബ്ദുൽ മുത്ത്വലിബിന്റെ സംരക്ഷണയിലാണ് അദ്ദേഹം വളർന്നത്. പിതാമഹന്റെ മരണശേഷം പിതൃസഹോദരൻ അബൂത്വാലിബാണ് അദ്ദേഹത്തെ സംരക്ഷിച്ചത്.

അങ്ങനെ ക്വുറൈശി ഗോത്രത്തിലെ ഹാശിം കുടുംബത്തിൽ അബ്ദുൽ മുത്ത്വലിബിന്റെ മകൻ അബ്ദുല്ലയുടെ പുത്രനായി ജനിച്ച മുഹമ്മദ് തന്റെ നാൽപതാമത്തെ വയസ്സിൽ ദൈവദൂതനായി നിയോഗിക്കപ്പെട്ടു. അദ്ദേഹത്തിന്റെ സ്വഭാവ ഗുണങ്ങളിലും പെരുമാറ്റങ്ങളിലുമെല്ലാം ആകൃഷ്ടരായ ജനങ്ങളെല്ലാം അദ്ദേഹത്തെ അങ്ങേയറ്റം ഇഷ്ടപ്പെടുകയും സ്നേഹിക്കുകയും ചെയ്തിരുന്നു. ‘അസ്സ്വാദികുൽ അമീൻ’ (സത്യസന്ധനായ വിശ്വസ്തൻ) എന്നാണ് അവർ അദ്ദേഹത്തെ സ്നേഹത്തോടെ വിളിച്ചിരുന്നത്.



മുഹമ്മദ്ﷺ തന്റെ നാൽപതാം വയസ്സിൽ മക്കയിലെ 'ജബലുന്നൂർ' എന്ന കുന്നിൽ കയറി അവിടെയുള്ള 'ഹിറാഅ്' എന്ന ഗുഹയിൽ തനിച്ചിരിക്കുക പതിവായിരുന്നു. മുൻ പ്രവാചകനായ ഇബ്റാഹീംﷺയുടെ മതാചാരപ്രകാരമുള്ള ഏകദൈവാരാധനയുമായി അഥവാ അല്ലാഹുവിനെ മാത്രം ആരാധിച്ചുകൊണ്ടിരിക്കലായിരുന്നു പ്രധാനമായും അദ്ദേഹം ചെയ്തിരുന്നത്.

അങ്ങനെയിരിക്കവെ ഒരുനാൾ ജിബ്‌രീൽ എന്ന മലക്ക് അല്ലാഹുവിന്റെ സന്ദേശവുമായി ഹിറാഗുഹയിൽ മുഹമ്മദിﷺന്റെ അടുക്കലെത്തി. ആദ്യത്തെ ദിവ്യസൂക്തങ്ങൾ ഓതിക്കൊടുത്തു:

"സൃഷ്ടിച്ചവനായ നിന്റെ രക്ഷിതാവിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിന്റെ രക്ഷിതാവ് ഏറ്റവും വലിയ ഔദാര്യവാനാകുന്നു. പേന കൊണ്ട് പഠിപ്പിച്ചവൻ. മനുഷ്യന് അറിയാത്തത് അവൻ പഠിപ്പിച്ചിരിക്കുന്നു" (96:1-5).

അതിന്റെ തുടർച്ചയായി പ്രവാചകന്റെ മരണം വരെയുള്ള 23 വർഷ കാലത്തെ വിത്യസ്ത സന്ദർഭങ്ങളിൽ അല്ലാഹു അവതരിപ്പിച്ച വചനങ്ങളാണ് വിശുദ്ധ ക്വുർആൻ.

വൈരുധ്യമുക്തമായ, ദൈവികമെന്ന് സ്വയം പ്രഖ്യാപിക്കുന്ന അവസാനത്തെ വേദഗ്രന്ഥമാണ് ക്വുർആൻ. അല്ലാഹു പറയുന്നു:

"തീർച്ചയായും ഈ ഉൽബോധനം തങ്ങൾക്കു വന്നുകിട്ടിയപ്പോൾ അതിൽ അവിശ്വസിച്ചവർ (നഷ്ടം പറ്റിയവർ തന്നെ). തീർച്ചയായും അത് പ്രതാപമുള്ള ഒരു ഗ്രന്ഥം തന്നെയാകുന്നു. അതിന്റെ മുന്നിലൂടെയോ, പിന്നിലൂടെയോ അതിൽ അസത്യം വന്നെത്തുകയില്ല. യുക്തിമാനും സ്തുത്യർഹനുമായിട്ടുള്ളവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രെ അത്" (41:41,42).

ഏതെങ്കിലും പ്രത്യേക വംശത്തിലേക്കോ പ്രദേശത്തിലേക്കോ മാത്രമുള്ള ദൂതനല്ല അദ്ദേഹം. മറിച്ച് ലോകാവസാനം വരെയുള്ള സർവ മനുഷ്യരിലേക്കുമുള്ള ദൂതനാണ്.

"പറയുക: മനുഷ്യരേ, തീർച്ചയായും ഞാൻ നിങ്ങളിലേക്കെല്ലാമുള്ള അല്ലാഹുവിന്റെ ദൂതനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം ഏതൊരുവന്നാണോ അവന്റെ (ദൂതൻ). അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുവിൻ. അതെ, അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന അക്ഷരജ്ഞാനമില്ലാത്ത ആ പ്രവാചകനിൽ. അദ്ദേഹത്തെ നിങ്ങൾ പിൻപറ്റുവിൻ നിങ്ങൾ നേർമാർഗം പ്രാപിക്കാം" (7:158).

പ്രവാചകശൃംഖലയിലെ അവസാനത്തെ കണ്ണിയാണ് മുഹമ്മദ് നബിﷺ. ഇനി ഒരു പ്രവാചകൻ വരാനില്ല. അല്ലാഹു പറയുന്നു:

"മുഹമ്മദ് നിങ്ങളുടെ പുരുഷൻമാരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും പ്രവാചകൻമാരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു" (33:40).

നബിﷺ 63ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ ഇന്നും ലോകത്ത് നിലനിൽക്കുന്നു. ചരിത്രത്തിൽ തുല്യതയില്ലാത്തവിധം ശാസ്ത്രീയവും കൃത്യവുമായ ക്രോഡീകരണവും പഠനവുമാണ് പ്രവാചകാധ്യാപനങ്ങളുടെ കാര്യത്തിൽ ഇന്ന് ലോകത്തുള്ളത്. ഹദീഥ് വിജ്ഞാനത്തിന്റെ വിവിധങ്ങളായ ശാഖകൾ വിജ്ഞാനകുതുകികളെ വിസ്മയിപ്പിക്കാതിരിക്കില്ല. അദ്ദേഹത്തിന്റെ ദൗത്യം ലോകാവസാനംവരെയുള്ള സർവരിലേക്കും നീണ്ടുകിടക്കുന്നതിനാൽ അല്ലാഹു അതിനെ പ്രത്യേകം സംരക്ഷിച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളത്.

"തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്" (15:9).

ഇനി ഉണ്ടായേക്കാവുന്ന അഭിപ്രായ ഭിന്നതകൾക്കുള്ള പരിഹാരം അതിൽ കണ്ടെത്തുവാനാണ് അല്ലാഹുവിന്റെ നിർദേശം:

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. (അല്ലാഹുവിന്റെ) ദൂതനെയും നിങ്ങളിൽ നിന്നുള്ള കൈകാര്യകർത്താക്കളെയും അനുസരിക്കുക. ഇനി വല്ല കാര്യത്തിലും നിങ്ങൾക്കിടയിൽ ഭിന്നിപ്പുണ്ടാകുകയാണെങ്കിൽ നിങ്ങളത് അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുക. നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുവെങ്കിൽ (അതാണ് വേണ്ടത്). അതാണ് ഉത്തമവും കൂടുതൽ നല്ല പര്യവസാനമുള്ളതും" (4:59).

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം




# ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ

## ഇസ്‌ലാമിക ശാസനകൾ

സൽസ്വഭാവങ്ങൾ സ്വീകരിക്കുവാനുള്ള കൽപനകൾ പ്രമാണ വചനങ്ങളിൽ ഏറെയാണ്. പ്രസ്തുത സ്വഭാവങ്ങളുടെ പ്രാധാന്യമാണ് അത് അറിയിക്കുന്നത്. ഏതാനും വചനങ്ങൾ കാണുക:

"നിശ്ചയം, അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനും കുടുംബബന്ധമുള്ളവർക്ക് (സഹായം) നൽകുവാനുമാണ്. അവൻ വിലക്കുന്നത് നീചവൃത്തിയിൽ നിന്നും ദുരാചാരത്തിൽനിന്നും അതിക്രമത്തിൽനിന്നുമാണ്" (ക്വുർആൻ 16:90).

"സദാചാരം കൽപിക്കുകയും അവിവേകികളെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്യുക" (ക്വുർആൻ 7:199).

## സ്വഭാവങ്ങൾ സമ്പാദിക്കാം

സ്വഭാവങ്ങളും പ്രകൃതങ്ങളും പ്രകൃതിദത്തവും സർഗസിദ്ധവുമെന്ന പോലെ ശീലിച്ചും അഭ്യസിച്ചും കാര്യകാരണങ്ങൾ എത്തിപ്പിടിച്ചും സമ്പാദിക്കാവുന്നതാണ്. പ്രമാണവചനങ്ങൾ ഈ വസ്തുതയറിയിക്കുന്നു. തിരുദൂതർﷺ പറഞ്ഞു: "വിദ്യ അഭ്യസിച്ചു കൊണ്ടും വിവേകം സഹനംശീലിച്ചു കൊണ്ടും മാത്രമാണ് നേടാനാവുക. വല്ലവനും നന്മ തേടിയാൽ അവനത് നൽകപ്പെടും. വല്ലവനും തിന്മയെ സൂക്ഷിച്ചാൽ അവന് അതിൽ നിന്നു സുരക്ഷ നൽകപ്പെടും."

അബൂദർറിؓൽ നിന്നും മുആദ് ഇബ്നു ജബലിؓൽ നിന്നും നിവേദനം. നബിﷺ പറഞ്ഞു:

"താങ്കൾ എവിടെയാണെങ്കിലും അല്ലാഹുവെ സൂക്ഷിക്കുക. തിന്മയെ നന്മ കൊണ്ട് തുടർത്തുക; തിന്മയെ നന്മ മായ്ച്ചുകളയും. ജനങ്ങളോടു നല്ല സ്വഭാവത്തിൽ പെരുമാറുക" (സുനനുത്തുർമുദി. തുർമുദി ഹസനുൻ സ്വഹീഹ് എന്ന് വിശേഷിപ്പിച്ചു).

പ്രമാണവചനങ്ങൾ ഈ വിഷയത്തിൽ ഏറെയാണ്. സ്വഭാവങ്ങളും പ്രകൃതങ്ങളും മാറ്റുവാനും തിരുത്തുവാനും സാധ്യമായവയാണെന്നാണ് ഇവയെല്ലാം അറിയിക്കുന്നത്. അവ മനുഷ്യരുടെ പ്രകൃതിയിൽ ഊട്ടപ്പെട്ടത് മാത്രവും മാറ്റവും ഭേദഗതിയും അസാധ്യമായവയും ആയിരുന്നുവെങ്കിൽ ഉപദേശ നിർദേശങ്ങൾക്കും വസ്വിയ്യത്തുകൾക്കും അച്ചടക്ക നടപടികൾക്കും പ്രസക്തിയുണ്ടാകുമായിരുന്നില്ല. എന്നു മാത്രമല്ല അസാധുവും അസാധ്യവുമായ വിധിവിലക്കുകളാകുമായിരുന്നു അവയെല്ലാം.

## വ്യക്തിത്വ നിർണയത്തിന്റെ മാനദണ്ഡം

മുഖപ്രസന്നത, വിനയം, മാന്യവും മിതവുമായ ഭാഷണം, ഔദാര്യം, ആദരവ്, മനഃശുദ്ധി, വിവേകം, അവധാനത, സഹിഷ്ണുത, സഹനം, ക്ഷമ, ധീരത, തുടങ്ങിയുള്ള മാന്യഗുണങ്ങളും ഉത്തമ ശീലങ്ങളും സ്വീകരിച്ചുകൊണ്ടും ഇവയ്ക്കു നിരക്കാത്തതും ഇവയെ നിരാകരിക്കുന്നതുമായ സ്വഭാവങ്ങളും ശീലങ്ങളും വർജിച്ചു കൊണ്ടും ഒരാൾ ജീവിതത്തെ ധന്യമാക്കിയാൽ അയാളാണ് സൽഗുണസമ്പന്നനും സൽസ്വഭാവിയും. മനുഷ്യൻ ദേഹം മാത്രമല്ല; ദേഹവും ദേഹിയുമാണ് അവൻ. അവൻ പുറംതോട് മാത്രമല്ല. അവന്ന് അകവുമുണ്ട്. അവന്റെ വ്യക്തിത്വത്തെ നിലനിർത്തുന്നതിന് ആന്തരികമായ അവന്റെ രൂപത്തിനും ഭാവത്തിനുമുള്ള പങ്ക് വലുതാണ്. തിരുനബിﷺ പറഞ്ഞു:


"നിശ്ചയം, അല്ലാഹു നിങ്ങളുടെ രൂപങ്ങളിലേക്കും സമ്പത്തുകളിലേക്കും നോക്കുന്നില്ല. പ്രത്യുത അവൻ നോക്കുന്നത് നിങ്ങളുടെ ഹൃദയങ്ങളിലേക്കും കർമങ്ങളിലേക്കുമാണ്."

നീളം, വീതി, വർണം, വർഗം, ദേശം, ഭാഷ, സമ്പത്ത് തുടങ്ങിയുള്ള അളവുകോലുകൾ കൊണ്ട് ഒരിക്കലും മനുഷ്യർ അളക്കപ്പെടുകയില്ല; പ്രത്യുത കർമങ്ങളും സ്വഭാവങ്ങളുമാണ് ആളുകളെ അളക്കുവാനുള്ള യഥാർഥ മാനഃദണ്ഡം. അല്ലാഹു പറയുന്നു:

"ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു'' (ക്വുർആൻ 49:13).

## മതാധ്യാപനങ്ങളും സൽസ്വഭാവങ്ങളും

ഇസ്‌ലാമിക വിശ്വാസകാര്യങ്ങൾക്കും ആരാധനകൾക്കും ഇടപാടുകൾക്കും സ്വഭാവങ്ങളുമായുള്ള ബന്ധം സുദൃഢവും അവിഭാജ്യവുമാണ്. തണലും കനിയും കനിയാത്ത വൃക്ഷത്തെ പോലെയാണ് സൽസ്വഭാവമില്ലാത്തവന്റെ ഈമാനും ഇബാദത്തും. ഇടപാടുകൾ ഉത്തമ സ്വഭാവങ്ങളോടെയാണ് നിർവഹിക്കേണ്ടതെന്ന് തിരുചര്യകൾ തെര്യപ്പെടുത്തുന്നു. ഈമാനും ഇബാദത്തും സ്വഭാവത്തെ വിളയിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നു എ



ന്നത് പ്രമാണങ്ങൾ വിളച്ചറിയിക്കുന്നു. നമസ്കാരത്തിന്റെ വിഷയത്തിൽ അല്ലാഹു പറയുന്നു:

“നമസ്കാരം മുറ പോലെ നിർവഹിക്കുകയും ചെയ്യുക. തീർച്ചയായും നമസ്കാരം നീചവൃത്തിയിൽ നിന്നും നിഷിദ്ധകർമത്തിൽ നിന്നും തടയുന്നു. അല്ലാഹുവെ ഓർമിക്കുക എന്നത് ഏറ്റവും മഹത്തായ കാര്യം തന്നെയാകുന്നു” (ക്വുർആൻ 29:45).

**ഇസ്‌ലാമിക വിശ്വാസകാര്യങ്ങൾക്കും ആരാധനകൾക്കും ഇടപാടുകൾക്കും സ്വഭാവങ്ങളുമായുള്ള ബന്ധം സുദൃഢവും അവിഭാജ്യവുമാണ്. തണലും കനിയും കനിയാത്ത വൃക്ഷത്തെ പോലെയാണ് സൽസ്വഭാവമില്ലാത്തവന്റെ ഈമാനും ഇബാദത്തും. ഇടപാടുകൾ ഉത്തമ സ്വഭാവങ്ങളോടെയാണ് നിർവഹിക്കേണ്ടതെന്ന് തിരുചര്യകൾ തെര്യപ്പെടുത്തുന്നു. ഈമാനും ഇബാദത്തും സ്വഭാവത്തെ വിളയിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നു എന്നത് പ്രമാണങ്ങൾ വിളച്ചറിയിക്കുന്നു.**

### സൽസ്വഭാവങ്ങളുടെ മഹത്ത്വങ്ങൾ

ഇഹപര നന്മകൾ നേടിത്തരുന്ന ധാരാളം മഹത്ത്വങ്ങൾ സൽസ്വഭാവങ്ങൾക്കുള്ളതായി ഇസ്‌ലാമിക പ്രമാണങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അവയിൽ ചിലത് ചുവടെ നൽകുന്നു:

### സ്വർഗ പ്രവേശനത്തിന് ഹേതുകം

അബൂഹുറയ്റ﵁യിൽ നിന്ന് നിവേദനം: “ജനങ്ങളെ ഏറ്റവും കൂടുതൽ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നത് എന്താണെന്ന് തിരുദൂതർ ﷺ ചോദിക്കപ്പെട്ടു. അപ്പോൾ തിരുമേനി ﷺ പറഞ്ഞു: ‘അല്ലാഹുവിലുള്ള തക്വ്‌വയും സൽസ്വഭാവവും.’ ജനങ്ങളെ ഏറ്റവും കൂടുതൽ നരകത്തിൽ പ്രവേശിപ്പിക്കുന്നത് എന്താണെന്ന് തിരുദൂതർ ചോദിക്കപ്പെട്ടു. അപ്പോൾ അവിടുന്ന് പ്രതികരിച്ചു: ‘വായയും ഗുഹ്യാവയവവും”(സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

### സ്വർഗത്തിൽ അത്യുന്നതങ്ങൾ

അബൂഉമാമ﵁യിൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ തിരുദൂതർ ﷺ പറഞ്ഞു: “ആരാണോ തന്റെ സ്വഭാവം നന്നാക്കുന്നത് അവന് സ്വർഗത്തിന്റെ ഉന്നതിയിൽ ഒരു വീടിന് ഞാൻ ജാമ്യം നിൽക്കുന്നു” (സുനനു അബീദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

### ഈമാൻ പൂർണമാണെന്നതിന്റെ തെളിവ്

അബൂഹുറയ്റ﵁യിൽ നിന്ന് നിവേദനം. നബി ﷺ പറഞ്ഞു: “വിശ്വാസികളിൽ പരിപൂർണ ഈമാനുള്ളവർ അവരിൽ ഏറ്റവും നല്ല സ്വഭാവം ഉള്ളവരാണ്. നിങ്ങളിൽ നല്ലവർ തങ്ങളുടെ ഭാര്യമാരോട് സ്വഭാവം കൊണ്ട് നന്നായവരാണ്”(സുനനുത്തുർമുദി. തുർമുദി ഹസനെന്ന് വിശേഷിപ്പിച്ചു).

### അല്ലാഹുവിന്റെ പ്രീതി നേടുന്നവർ

ഉസാമ ഇബ്നുശരീകി﵁ൽ നിന്ന് നിവേദനം: “അല്ലാഹുവിന്റെ അടിയാറുകളിൽ അല്ലാഹുവിലേക്ക് ഏറ്റവും ഇഷ്ടപ്പെട്ടവർ അവരിലെ സൽസ്വഭാവികളാണ്.”

### നബി ﷺ യോട് അടുത്ത് കൂടുന്നവർ

അബൂഹുറയ്റ﵁യിൽനിന്ന് നിവേദനം. നബി ﷺ പറഞ്ഞു: “നിശ്ചയം, അന്ത്യനാളിൽ എന്നോട് ഏറ്റവും അടുത്ത് ഇരിക്കുന്നവർ പെരുമാറുവാൻകൊള്ളുന്ന നിങ്ങളിലെ ഏറ്റവും നല്ല സ്വഭാവക്കാരായിരിക്കും. അവർ(തങ്ങളുടെ സ്വഭാവം കൊണ്ട്) ഇണങ്ങുകയും ഇണക്കപ്പെടുകയും ചെയ്യുന്നവരായിരിക്കും”(ത്വബ്റാനി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

### തിരുദൂതരുടെ പ്രീതി നേടുന്നവർ

ജാബിർ ഇബ്നുഅബ്ദില്ല﵁യിൽ നിന്ന് നിവേദനം. തിരുദൂതർ ﷺ പറഞ്ഞു: “നിശ്ചയം, അന്ത്യനാളിൽ നിങ്ങളിൽ എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ടവരും എന്നോട് ഏറ്റവും അടുത്ത് ഇരിക്കുന്നവരും നിങ്ങളിലെ ഏറ്റവും നല്ല സ്വഭാവക്കാരായിരിക്കും”(സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

### നന്മയുടെ തുലാസ് നിറക്കാം

അബുദ്ദർദാഇ﵁ൽ നിന്ന് നിവേദനം. നബി ﷺ പറഞ്ഞു: “സൽസ്വഭാവത്തെക്കാൾ അന്ത്യനാളിൽ ഒരു സത്യവിശ്വാസിയുടെ തുലാസിൽ കനം തൂങ്ങുന്ന യാതൊന്നുമില്ല. നിശ്ചയം, അല്ലാഹു നെറികെട്ടവ

നെയും തെമ്മാടിയെയും വെറുക്കുന്നു" (സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

**പദവികൾ വർധിപ്പിക്കുവാൻ**

ആഇശ﷭യിൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു: "ഒരു വ്യക്തി തന്റെ സൽസ്വഭാവത്തിലൂടെ രാത്രി നമസ്കരിക്കുന്നവന്റെയും പകൽ നോമ്പനുഷ്ഠിക്കുന്നവന്റെയും പദവികൾ നേടുന്നതാണ്" (മുസ്നദ്. അർനാഊത് സ്വഹീഹുൻലിഗയ്രിഹീയെന്ന് വിശേഷിപ്പിച്ചത്).

മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്: "തീർച്ചയായും, ഒരു സത്യവിശ്വാസി തന്റെ സൽസ്വഭാവം കൊണ്ട് നോമ്പുകാരന്റെയും നമസ്കാരക്കാരന്റെയും പദവി കണ്ടെത്തുന്നതാണ്"(സുനനുഅബീദാവൂദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചത്).

**ആയുസ്സ് വർധിപ്പിക്കാം**

ആഇശ﷭യിൽനിന്ന് നിവേദനം. നബിﷺ പറഞ്ഞു: "സൽസ്വഭാവവും നല്ല അയൽപക്കബന്ധവും ഭവനങ്ങളെ നന്നാക്കുകയും ആയുസ്സിൽ വർധനവുണ്ടാക്കുകയും ചെയ്യും" (മുസ്നദു അഹ്മദ്. അർനാഊത് സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

**മാതൃകാവ്യക്തിത്വം**

അബ്ദുല്ലാഹ് ഇബ്നു അംറി﷠ൽ നിന്നും നിവേദനം: "അല്ലാഹുവിന്റെ ദൂതർﷺ ദുഷിപ്പ് പറയുന്നവനോ ദുഷിച്ചത് ചെയ്യുന്നവനോ ആയിരുന്നില്ല. അവിടുന്ന് പറയുമായിരുന്നു: 'നിശ്ചയം, നിങ്ങളിൽ ഉത്തമൻ നിങ്ങളിൽ ഏറ്റവും നല്ല സ്വഭാവമുള്ളവനാകുന്നു" (ബുഖാരി, മുസ്‌ലിം).




**ഇഹ്സാൻ**

നന്മയിൽ വർത്തിക്കുന്നതിനാണ് ഇഹ്സാൻ എന്ന് പറയുക. ഇഹ്സാൻ രണ്ടു തരമുണ്ട്:

ഒന്ന്: അല്ലാഹുവിനുള്ള ഇബാദത്തിലെ ഇഹ്സാൻ. അഥവാ, അല്ലാഹുവിനെ നാം കാണുന്നില്ലെങ്കിലും അവനെ കാണുന്നതു പോലെ ആരാധന നിർവഹിക്കുക, ഗുണകാംക്ഷാ നിർഭരവും സമ്പൂർണവുമായ നിലയ്ക്ക് അല്ലാഹുവിനുള്ള ബാധ്യതാനിർവഹണം കാര്യക്ഷമമാക്കുക. പ്രതീക്ഷയും പേടിയും യഥാവിധം സമന്വയിപ്പിച്ചു കൊണ്ട് ഇബാദത്തെടുക്കുക. പ്രസ്തുത ഇഹ്സാനിനെ കുറിച്ച് നബിﷺ പറഞ്ഞു:

"അല്ലാഹുവിനെ നീ കാണുന്നതു പോലെ ആരാധിക്കുക, അവനെ നീ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്" (ബുഖാരി).

മറ്റൊരു റിപ്പോർട്ടിൽ ഇപ്രകാരമുണ്ട്: "അല്ലാഹുവിനെ നീ ഭയക്കുക; നീ അവനെ കാണുന്നതു പോലെ. നീ അവനെ കാണുന്നില്ലെങ്കിലും അവൻ നിന്നെ കാണുന്നുണ്ട്" (മുസ്‌ലിം).

രണ്ട്: പടപ്പുകളോടുള്ള ഇഹ്സാൻ. ഏതൊരു സൃഷ്ടിയോടായാലും നന്മയിലുള്ള വർത്തനമാണ് അതുകൊണ്ട് ഉദ്ദേശ്യം. മാതാപിതാക്കളോട്, അയൽവാസികളോട്, അനാഥകളോട്, അഗതികളോട്, ഇടപാടുകാരോട്, സംസാരിക്കുകയും തർക്കിക്കുകയും ചെയ്യുന്നവരോട്, തെറ്റ് ചെയ്തവരോട്, മൃഗങ്ങളോട് തുടങ്ങി പ്രസ്തുത വർത്തനം പലരോടുമാണ്.

അല്ലാഹു ഇഹ്സാൻ കൊണ്ട് കൽപിച്ചു: "തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതി പാലിക്കുവാനും നന്മ ചെയ്യുവാനുമാണ്" (ക്വുർആൻ 16:90).

"അല്ലാഹു നിനക്ക് നന്മ ചെയ്തത് പോലെ നീയും നന്മ ചെയ്യുക" (ക്വുർആൻ 28:77).

"നീ എന്റെ ദാസന്മാരോട് പറയുക; അവർ പറയുന്നത് ഏറ്റവും നല്ല വാക്കായിരിക്കണമെന്ന്" (ക്വുർആൻ 17:53).

"...നിങ്ങൾ ജനങ്ങളോട് നല്ല വാക്ക് പറയണം" (ക്വുർആൻ 2:83).

ശദ്ദാദ് ഇബ്നു ഔസിﷺൽ നിന്ന് നിവേദനം: "എല്ലാ വസ്തുക്കളോടും നല്ല നിലയിൽ വർത്തിക്കുവാനാണ് അല്ലാഹു കൽപിച്ചിട്ടുള്ളത്. അതിനാൽ നിങ്ങൾ കൊല്ലുകയാണെങ്കിൽ നല്ല നിലയിൽ കൊല്ലുക. അറുക്കുകയാണെങ്കിൽ നല്ല നിലയിൽ അറുക്കുക. നിങ്ങളോരോരുത്തരും കത്തി മൂർച്ച കൂട്ടുകയും അറുക്കുന്ന ജീവിക്ക് ആശ്വാസം നൽകുകയും ചെയ്യേണ്ടതാണ്" (മുസ്‌ലിം).

അനസ് ഇബ്നുമാലികിﷺൽ നിന്ന് നിവേദനം. അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "നിങ്ങൾ വിധിച്ചാൽ നീതി പാലിക്കുക. നിങ്ങൾ വധിച്ചാൽ നല്ല നിലയിലാക്കുക. കാരണം അല്ലാഹു മുഹ്സിനാണ്. അവൻ മുഹ്സിനീങ്ങളെ ഇഷ്ടപ്പെടുന്നു" (മുഅ്ജമുത്ത്വബ്റാനി. അൽബാനി സനദിനെ ജയ്യിദെന്ന് വിശേഷിപ്പിച്ചു).

ശദ്ദാദ് ഇബ്നു ഔസിﷺൽ നിന്നുള്ള നിവേദനത്തിൽ ഇപ്രകാരമുണ്ട്: അല്ലാഹുവിന്റെ റസൂലിﷺൽ നിന്ന് ഞാൻ രണ്ടു കാര്യങ്ങൾ മനഃപാഠമാക്കി.

"നിശ്ചയം അല്ലാഹു മുഹ്സിനാകുന്നു. എല്ലാത്തിനോടും ഇഹ്സാൻ ചെയ്യുന്നത് അല്ലാഹു ഇഷ്ടപ്പെടുന്നു..."(മുസ്വന്നഫു അബ്ദിർറസാക്ക്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

അബ്ദുല്ലാഹ് ഇബ്നു മസ്ഊദിﷺൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: "ഒരു വ്യക്തി ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ അജ്ഞാനകാലത്ത്(ജാഹിലിയ്യത്തിൽ) പ്രവർത്തിച്ചതിൽ ശിക്ഷിക്കപ്പെടുമോ?' നബിﷺ പറഞ്ഞു: 'വല്ലവനും ഇസ്‌ലാമിൽ സുകൃതം പ്രവർത്തിച്ചാൽ ജാഹിലിയ്യത്തിൽ ചെയ്തതിൽ ശിക്ഷിക്കപ്പെടുകയില്ല. വല്ലവനും ഇസ്‌ലാമിൽ തിന്മ പ്രവൃത്തിച്ചാൽ അവൻ ജാഹിലിയ്യത്തിൽ ചെയ്തുപോയ തെറ്റിനാലും പിൽകാലത്ത് ചെയ്ത തെറ്റിനാലും ശിക്ഷിക്കപ്പെടും" (ബുഖാരി).

**ഇഹ്സാനിന്റെ മഹത്ത്വം, മുഹ്സിനുള്ള പ്രതിഫലം**

അല്ലാഹു മുഹ്സിനുകളെ ഇഷ്ടപ്പെടുമെന്നും അവനും അവന്റെ കാരുണ്യവും അവരോടൊപ്പമാണെന്നും അവർക്ക് വർധിപ്പിച്ചു നൽകുമെന്നും അവർക്കു സുവിശേഷമുണ്ടെന്നും അവരുടെ പ്രതിഫലം പാഴാക്കില്ലെന്നും അറിയിച്ചു:

"നിങ്ങൾ നല്ലത് പ്രവർത്തിക്കുക. നന്മചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെ ചെയ്യും" (ക്വുർആൻ 2:195)

"തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം സൽകർമകാരികൾക്ക് സമീപസ്ഥമാകുന്നു" (ക്വുർആൻ 7:56).

"...സൽകർമകാരികൾക്ക് വഴിയെ നാം കൂടുതൽ കൊടുക്കുന്നതുമാണ്" (ക്വുർആൻ 7:161).

"തീർച്ചയായും അല്ലാഹു സൂക്ഷ്മത പാലിച്ചവരോടൊപ്പമാകുന്നു. സദ്‌വൃത്തരായിട്ടുള്ളവരോടൊപ്പവും" (ക്വുർആൻ 16:128).

"...തീർച്ചയായും അല്ലാഹു സുകൃതം ചെയ്യുന്നവർക്കുള്ള പ്രതിഫലം നഷ്ടപ്പെടുത്തിക്കളയുന്നതല്ല" (ക്വുർആൻ 9:120).

"...(നബിയേ,) സുകൃതം ചെയ്യുന്നവർക്ക് നീ സന്തോഷവാർത്തയറിയിക്കുക" (ക്വുർആൻ 22:37).

സമാധാനത്തിന്റെയും സർവസുഖങ്ങളുടെയും ഭവനമായ സ്വർഗവും സ്വർഗീയ അനുഗ്രഹങ്ങളുമാണ് മുഹ്സിനുകൾക്ക് ലഭിക്കുന്ന മഹത്തായ മറ്റൊരു പ്രതിഫലം.

"അങ്ങനെ അവരീ പറഞ്ഞതു നിമിത്തം അല്ലാഹു അവർക്ക് താഴ്ഭാഗത്ത് കൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകൾ പ്രതിഫലമായി നൽകി. അവരതിൽ നിത്യവാസികളായിരിക്കും. സദ്‌വൃത്തർക്കുള്ള പ്രതിഫലമത്രെ അത്" (ക്വുർആൻ 5:85).

"തീർച്ചയായും സൂക്ഷ്മത പാലിച്ചവർ (സ്വർഗത്തിൽ) തണലുകളിലും അരുവികൾക്കിടയിലുമാകുന്നു. അവർ ഇഷ്ടപ്പെടുന്ന തരത്തിലുള്ള പഴവർഗങ്ങൾക്കിടയിലും. (അവരോടു പറയപ്പെടും:) നിങ്ങൾ പ്രവർത്തിച്ചിരുന്നതിന്റെ ഫലമായി ആഹ്ലാദത്തോടെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. തീർച്ചയായും നാം അപ്രകാരമാകുന്നു സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്" (ക്വുർആൻ 77:41-44)

സ്വർഗത്തിൽ പ്രവേശിക്കുന്ന വിശ്വാസികൾ അനുഭവിക്കുകയും ആസ്വദിക്കുകയും ചെയ്യുന്ന ഏറ്റവും വലിയ അനുഗ്രഹം അല്ലാഹു വിന്റെ തിരുമുഖ ദർശനമാണ്. മുഹ്സിനുകളുടെ വിഷയത്തിൽ അല്ലാഹുപറയുന്നതു നോക്കൂ:

"സുകൃതം ചെയ്തവർക്ക് ഏറ്റവും ഉത്തമമായ പ്രതിഫലവും (സ്വർഗവും) വർധനവുമുണ്ട്" (ക്വുർആൻ 10:26)

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



بسم الله الرحمن الرحيم

അധ്യായം: 68, ഭാഗം: 5

# ഖലം (പേന)

(മക്കയിൽ അവതരിച്ചത്)

44. ആകയാൽ എന്നെയും ഈ വർത്തമാനം നിഷേധിച്ചുകളയുന്നവരെയും കൂടി വിട്ടേക്കുക. അവർ അറിയാത്ത വിധത്തിലൂടെ നാം അവരെ പടിപടിയായി പിടികൂടിക്കൊള്ളാം.

45. ഞാൻ അവർക്ക് നീട്ടിയിട്ട് കൊടുക്കുകയും ചെയ്യും. തീർച്ചയായും എന്റെ തന്ത്രം ശക്തമാകുന്നു.

46. അതല്ല, നീ അവരോട് വല്ല പ്രതിഫലവും ചോദിച്ചിട്ട് അവർ കടബാധയാൽ ഞെരുങ്ങിയിരിക്കുകയാണോ?

47. അതല്ല, അവരുടെ അടുക്കൽ അദൃശ്യജ്ഞാനമുണ്ടായിട്ട് അവർ എഴുതി എടുത്തുകൊണ്ടിരിക്കുകയാണോ?

48. അതുകൊണ്ട് നിന്റെ രക്ഷിതാവിന്റെ വിധി കാത്ത് നീ ക്ഷമിച്ചുകൊള്ളുക. നീ മത്സ്യത്തിന്റെ ആളെപ്പോലെ (യൂനുസ് നബിയെപ്പോലെ) ആകരുത്. അദ്ദേഹം ദുഃഖനിമഗ്നനായിക്കൊണ്ട് വിളിച്ചു പ്രാർഥിച്ച സന്ദർഭം.

فَذَرْنِي وَمَن يُكَذِّبُ بِهَٰذَا ٱلْحَدِيثِ ۖ سَنَسْتَدْرِجُهُم مِّنْ حَيْثُ لَا يَعْلَمُونَ ﴿٤٤﴾
وَأُمْلِي لَهُمْ ۚ إِنَّ كَيْدِى مَتِينٌ ﴿٤٥﴾
أَمْ تَسْـَٔلُهُمْ أَجْرًا فَهُم مِّن مَّغْرَمٍ مُّثْقَلُونَ ﴿٤٦﴾
أَمْ عِندَهُمُ ٱلْغَيْبُ فَهُمْ يَكْتُبُونَ ﴿٤٧﴾
فَٱصْبِرْ لِحُكْمِ رَبِّكَ وَلَا تَكُن كَصَاحِبِ ٱلْحُوتِ إِذْ نَادَىٰ وَهُوَ مَكْظُومٌ ﴿٤٨﴾

49. അദ്ദേഹത്തിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള അനുഗ്രഹം അദ്ദേഹത്തെ വീണ്ടെടുത്തിട്ടില്ലായിരുന്നെങ്കിൽ അദ്ദേഹം ആ പാഴ്ഭൂമിയിൽ ആക്ഷേപാർഹനായിക്കൊണ്ട് പുറന്തള്ളപ്പെടുമായിരുന്നു.

50. അപ്പോൾ അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തെ തെരഞ്ഞെടുക്കുകയും എന്നിട്ട് അദ്ദേഹത്തെ സജ്ജനങ്ങളുടെ കൂട്ടത്തിലാക്കുകയും ചെയ്തു.

51. സത്യനിഷേധികൾ ഈ ഉൽബോധനം കേൾക്കുമ്പോൾ അവരുടെ കണ്ണുകൾകൊണ്ട് നോക്കിയിട്ട് നീ ഇടറി വീഴുമാറാക്കുക തന്നെ ചെയ്യും. തീർച്ചയായും ഇവൻ ഒരു ഭ്രാന്തൻ തന്നെയാണ് എന്നവർ പറയും.

52. ഇത് ലോകർക്കുള്ള ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല.

لَّوْلَآ أَن تَدَٰرَكَهُۥ نِعْمَةٌ مِّن رَّبِّهِۦ لَنُبِذَ بِٱلْعَرَآءِ وَهُوَ مَذْمُومٌ ﴿٤٩﴾

فَٱجْتَبَٰهُ رَبُّهُۥ فَجَعَلَهُۥ مِنَ ٱلصَّٰلِحِينَ ﴿٥٠﴾

وَإِن يَكَادُ ٱلَّذِينَ كَفَرُوا۟ لَيُزْلِقُونَكَ بِأَبْصَٰرِهِمْ لَمَّا سَمِعُوا۟ ٱلذِّكْرَ وَيَقُولُونَ إِنَّهُۥ لَمَجْنُونٌ ﴿٥١﴾

وَمَا هُوَ إِلَّا ذِكْرٌ لِّلْعَٰلَمِينَ ﴿٥٢﴾

44-45). ക്വുർആനിനെ കളവാക്കുന്നവരെയും എന്നെയും വിട്ടേക്കുക. അവർക്കുള്ള പ്രതിഫലം എന്റെ ബാധ്യതയാണ്. അവർക്കുള്ള ശിക്ഷയെക്കുറിച്ച് നീ ധൃതിപ്പെടേണ്ടതില്ല. (അവരറിയാത്ത വിധത്തിലൂടെ നാം അവരെ പടിപടിയായി പിടികൂടിക്കൊള്ളാം. മക്കളും സമ്പത്തും നൽകി നാം അവരെ സഹായിച്ചുകൊണ്ടിരിക്കും. ആയുസ്സും ഭക്ഷണവും നാം അവർക്ക് നൽകും. അതിലവർ വഞ്ചിതരാകാനും അവർക്കു ദോഷകരമായ ഈ അവസ്ഥ തുടരുവാനും ഇത് അവരോടുള്ള അല്ലാഹുവിന്റെ ഒരു തന്ത്രമാണ്. തന്റെ ശത്രുക്കളോടുള്ള അല്ലാഹുവിന്റെ തന്ത്രം ശക്തവും ബലിഷ്ഠവും തന്നെ. അതിന്റെ ദോഷവും ശിക്ഷയും എല്ലാ നിലയ്ക്കും അവരിലേക്കെത്തും.

46). (അതല്ല, നീ അവരോട് വല്ല പ്രതിഫലവും ചോദിച്ചിട്ട് അവർ കടബാധ്യതയാൽ ഞെരുങ്ങിയിരിക്കുകയാണോ?) നിന്നെ വെറുക്കാനും നീ കൊണ്ടുവന്നതിനെ സത്യപ്പെടുത്താതിരിക്കാനും മാത്രമുള്ള കാരണങ്ങളൊന്നും അവർക്കില്ല. നീ അവരെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതും അവർക്ക് അറിയിച്ചു കൊടുക്കുന്നതും തീർത്തും അവർക്ക് ഗുണകരമായ കാര്യങ്ങളാണ്. അവർക്ക് കടബാധ്യത വരുത്തുന്ന തരത്തിൽ സാമ്പത്തികമായി ഒന്നും ആവശ്യപ്പെടാതെ തന്നെ.

47). (അതല്ല, അവരുടെ അടുക്കൽ അദൃശ്യജ്ഞാനമുണ്ടായിട്ട് അവർ എഴുതിയെടുത്ത് കൊണ്ടിരിക്കുകയാണോ?) അവർക്ക് അദൃശ്യജ്ഞാനം ഉണ്ടാവുക, അതുമൂലം അവർക്ക് പ്രതിഫലമുണ്ടെന്നും അവർ സത്യത്തിലാണെന്നും കണ്ടെത്തുകയും ചെയ്യുക- അങ്ങനെ ഉണ്ടായിട്ടില്ല. തീർച്ചയായും അവരുടെ അവസ്ഥ അക്രമിയുടെയും നിഷേധിയുടെയുമാണ്.

48-50). അവശേഷിക്കുന്നത് അവരുടെ ഉപദ്രവങ്ങളിൽ ക്ഷമിക്കുകയും അവരിൽ നിന്നുണ്ടാകുന്ന കാര്യങ്ങൾ സഹിക്കുകയും അവരോടുള്ള ബോധനം തുടരുകയും ചെയ്യുക എന്നത് മാത്രമാണ്. അതാണ് തുടർന്ന് പറയുന്നത്: (അതുകൊണ്ട് നിന്റെ രക്ഷിതാവിന്റെ വിധി കാത്ത് നീ ക്ഷമിച്ചുകൊള്ളുക) മതത്തിലും വിധിയിലുമുള്ള അവന്റെ തീരുമാനത്തിൽ. വിധിയിലുള്ള തീരുമാനമെന്നത് ക്ഷമകേടോ വെറുപ്പോ കൂടാതെ അല്ലാഹുവിന്റെ വിധികളിൽ ക്ഷമിക്കുക എന്നതാണ്. മതപരമായ കാര്യത്തിൽ അവന്റെ കൽപനകൾക്ക് പൂർണമായും സമർപ്പിച്ച് കീഴ്പ്പെട്ട് അതിനെ സ്വീകരിക്കുന്നതാണ്. (നീ മത്സ്യത്തിന്റെ ആളെപ്പോലെ ആകരുത്) അത് മത്തായിയുടെ മകൻ യൂനുസ്(عليه السلام) ആണ്. മത്സ്യത്തിന്റെ വയറ്റിൽ അകപ്പെട്ട് പോകുന്നതിലേക്ക് അദ്ദേഹത്തെ എത്തിച്ച അവസ്ഥ നിനക്ക് ഉണ്ടാകരുത്. തന്റെ ജനതയുടെ ഉപദ്രവങ്ങളിൽ ആവശ്യമായ ക്ഷമയില്ലാതെ തന്റെ രക്ഷിതാവിനോട് കോപിച്ചു പോയതാണ് അദ്ദേഹത്തിൽ സംഭവിച്ചത്. അങ്ങനെ അദ്ദേഹം കടലിൽ സഞ്ചരിച്ചു. കപ്പലിൽ ഭാരം അധികമായ

**അല്ലാഹുവിന്റെ ഈ നിർദേശങ്ങൾ നബിﷺ തന്റെ ജീവിതത്തിൽ അനുവർത്തിച്ചു. ലോകത്ത് മറ്റാർക്കും സാധിക്കാത്ത വിധം തന്റെ രക്ഷിതാവിന്റെ വിധികളിൽ ക്ഷമിച്ചു. അതിന് അല്ലാഹു നല്ല പര്യവസാനം നൽകി. ധർമനിഷ്ഠ പാലിക്കുന്നവർക്ക് തന്നെയാണ് നല്ല പര്യവസാനം. അദ്ദേഹത്തിന്റെ ശത്രുക്കൾക്കാകട്ടെ, അവർക്ക് തന്നെ പ്രതികൂലമായതേ നേടാനായുള്ളൂ. കണ്ണിട്ട് പേടിപ്പിക്കാൻ അവർ ആഗ്രഹിച്ചു. (അവരുടെ കണ്ണുകൾ കൊണ്ട്) അതായത് അദ്ദേഹത്തിന് കണ്ണേൽപിക്കാൻ; അസൂയയുടെയും വിദ്വേഷത്തിന്റെയും വിരോധത്തിന്റെയും. ചെയ്യാവുന്ന ഉപദ്രവങ്ങളിൽ പരമാവധിയാണത്. അല്ലാഹുവാകട്ടെ, അദ്ദേഹത്തെ സംരക്ഷിക്കുന്നവനും സഹായിക്കുന്നവനുമാണ്.**

പ്പോൾ ആരെ കടലിലെറിയണമെന്ന് തീരുമാനിക്കാൻ അവർ നറുക്കിട്ടു; ഭാരം കുറക്കുന്നതിനു വേണ്ടി. ആ നറുക്ക് അദ്ദേഹത്തിന് വീണു. അങ്ങനെ കടലിൽ എറിയപ്പെടുകയും മത്സ്യം വിഴുങ്ങുകയും ചെയ്തു. (അദ്ദേഹം ദുഃഖനിമഗ്നനായിക്കൊണ്ട് വിളിച്ച് പ്രാർഥിച്ച സന്ദർഭം) മത്സ്യത്തിന്റെ വയറ്റിലായിരിക്കെ അദ്ദേഹം കോപം അടക്കിവെച്ചു. ദുഃഖിതനായും മനപ്രയാസമുള്ളവനായും അദ്ദേഹം വിളിച്ചു പ്രാർഥിച്ചു:

لَّآ إِلَٰهَ إِلَّآ أَنتَ سُبۡحَٰنَكَ إِنِّي كُنتُ مِنَ ٱلظَّٰلِمِينَ

"നീയല്ലാതെ യാതൊരു ആരാധ്യനുമില്ല. നീ എത്ര പരിശുദ്ധൻ. തീർച്ചയായും ഞാൻ അക്രമികളുടെ കൂട്ടത്തിൽ പെട്ടവനായിരിക്കുന്നു" (21:87).

ആ മത്സ്യം അതിന്റെ വയറ്റിൽനിന്ന് അനാരോഗ്യവാനായ നിലയിൽ തുറന്ന സ്ഥലത്തേക്ക് അദ്ദേഹത്തെ തള്ളിയിട്ടു. അദ്ദേഹത്തിന്റെ മേൽ യഖ്തീൻ വൃക്ഷം മുളപ്പിക്കുകയും ചെയ്തു. അതാണ് ഇവിടെ പറഞ്ഞത്: (അദ്ദേഹത്തിന്റെ രക്ഷിതാവിങ്കൽ നിന്നുള്ള അനുഗ്രഹം അദ്ദേഹത്തെ വീണ്ടെടുത്തില്ലായിരുന്നുവെങ്കിൽ അദ്ദേഹം ആ പാഴ്ഭൂമിയിൽ പുറന്തള്ളപ്പെടുമായിരുന്നു). ആ പാഴ്ഭൂമിയിൽ ഉപേക്ഷിക്കപ്പെട്ടു. അതായത് ഒഴിഞ്ഞ ഭൂമി. (ആക്ഷേപിക്കപ്പെട്ടവനായി) എന്നാൽ അല്ലാഹു കാരുണ്യത്താൽ അദ്ദേഹത്തെ പൊതിഞ്ഞു. അതിനാൽ പ്രശംസനീയമായ നിലയിൽ ഉപേക്ഷിക്കപ്പെട്ടു. മുമ്പത്തെക്കാലും നല്ലൊരവസ്ഥ അദ്ദേഹത്തിന് കൈവന്നു. അതാണ് തുടർന്നു പറയുന്നത്. (അപ്പോൾ അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തെ തിരഞ്ഞെടുത്തു. അല്ലാഹു അദ്ദേഹത്തെ പരിഗണിക്കുയും തെരഞ്ഞെടുക്കുകയും എല്ലാ മലിനതകളിൽ നിന്നും ശുദ്ധീകരിക്കുകയും ചെയ്തു. (എന്നിട്ട് അദ്ദേഹത്തെ സജ്ജനങ്ങളുടെ കൂട്ടത്തിലാക്കുകയും ചെയ്തു) അതായത് പ്രവർത്തനങ്ങളും വാക്കുകളും ഉദ്ദേശ്യങ്ങളും സാഹചര്യങ്ങളും നല്ലതായവരുടെ കൂട്ടത്തിൽ.

51-52). അല്ലാഹുവിന്റെ ഈ നിർദേശങ്ങൾ നബിﷺ തന്റെ ജീവിതത്തിൽ അനുവർത്തിച്ചു. ലോകത്ത് മറ്റാർക്കും സാധിക്കാത്ത വിധം തന്റെ രക്ഷിതാവിന്റെ വിധികളിൽ ക്ഷമിച്ചു. അതിന് അല്ലാഹു നല്ല പര്യവസാനം നൽകി. ധർമനിഷ്ഠ പാലിക്കുന്നവർക്ക് തന്നെയാണ് നല്ല പര്യവസാനം. അദ്ദേഹത്തിന്റെ ശത്രുക്കൾക്കാകട്ടെ, അവർക്ക് തന്നെ പ്രതികൂലമായതേ നേടാനായുള്ളൂ. കണ്ണിട്ട് പേടിപ്പിക്കാൻ അവർ ആഗ്രഹിച്ചു. (അവരുടെ കണ്ണുകൾ കൊണ്ട്) അതായത് അദ്ദേഹത്തിന് കണ്ണേൽപിക്കാൻ; അസൂയയുടെയും വിദ്വേഷത്തിന്റെയും വിരോധത്തിന്റെയും. ചെയ്യാവുന്ന ഉപദ്രവങ്ങളിൽ പരമാവധിയാണത്. അല്ലാഹുവാകട്ടെ, അദ്ദേഹത്തെ സംരക്ഷിക്കുന്നവനും സഹായിക്കുന്നവനുമാണ്. വാക്കിനാലുള്ള ഉപദ്രവങ്ങളിൽ അവരുടെ ഹൃദയങ്ങൾക്ക് തോന്നുന്നതെല്ലാം അവർ പറയുകയും ചെയ്തു. ചിലപ്പോൾ ഭ്രാന്തനെന്നും മറ്റു ചിലപ്പോൾ കവിയെന്നും മാരണക്കാരനെന്നും. അല്ലാഹു പറയുന്നു: (ഇത് ലോകത്തിനുള്ള ഒരു ഉൽബോധനമല്ലാതെ മറ്റൊന്നുമല്ല) ഈ മഹത്തായ ക്വുർആൻ, വൈജ്ഞാനികമായ ഉൽബോധനം, ലോകർക്കുള്ള ഓർമപ്പെടുത്തലാണ്. അവരുടെ മതപരവും ഭൗതികവുമായ നന്മകളിൽ അതുമൂലം അവർ ഉൽബുദ്ധരാകുന്നു. അല്ലാഹുവിന് സ്തുതി. ●

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ഗാനം

(രീതി: കാഫ് മല കണ്ട പൂങ്കാറ്റേ...)




# പൗരത്വം അവകാശമാണ്

കാര്യമിതെല്ലാരും ഓർത്താട്ടെ
കാരണമൊന്ന് ചികഞ്ഞാട്ടെ
ഭാരത നാടിന്റെ ഇന്നത്തെ
പരിണാമമോർത്ത് കരഞ്ഞാട്ടെ

സ്വാതന്ത്ര്യത്തിൻ സമരമതിൽ
സ്വാർഥതയില്ലാതെ പോരാടി
സൗഹാർദമോടൊത്ത് നിന്നപ്പോൾ
സഹിക്കാതെ വെള്ളക്കാരോടീലേ

മതനിരപേക്ഷതയന്നു മുതൽ
മധുരിതമാക്കീലെ നാടിതിനെ
മനുഷ്യത്വമില്ലാത്ത കൂട്ടരിന്ന്
മതരാഷ്ട്രമാക്കാനൊരുങ്ങിടുന്നു

പൗരത്വ നിയമത്തിൻ ഭേദഗതി
ഇരകളെ നോക്കിക്കൊണ്ടുള്ള വെടി
ഭാരതമക്കളെ രണ്ടാക്കുവാൻ
കരുതേണ്ട, പോരാടുമൊന്നായി നാം

ഫാസിസ വിഷവിത്ത് വിതച്ചിടണ്ടാ
സവർക്കറിന്റാശയം ഇവിടെ വേണ്ടാ
മനുഷ്യത്വം പൂത്തുവിടർന്നിടുന്ന
മഹാരാജ്യമായിന്ത്യ മാറീടണം

പ്രതിഷേധ ജ്വാലകൾ പടർന്നിടട്ടെ
പകയുടെ ചിന്തകൾ തുലഞ്ഞിടട്ടെ
ബഹുമത ജനതതി വസിച്ചിടുന്ന
പൂന്തോപ്പിൽ സ്നേഹം വിരിഞ്ഞിടട്ടെ

തലമുറ തലമുറയായിവിടെ
ജീവിച്ചു വരുന്നൊരു സമുദായത്തെ
പരദേശക്കാരെന്നു പറയുന്നോരാം
പരിവാറിനെതിരായി പോരാടിടാം

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JANUARY 18

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

## Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

+91 9061716600

greenvalleyinstitutions@gmail.com

/greenvalleycampus

GREEN VALLEY
PUBLIC SCHOOL

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**